# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൊഴുതന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ(ഡബ്ല്യൂ.വൈ.ഡി)പി1-568/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 21/07/2022
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൊഴുതന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ(ഡബ്ല്യൂ.വൈ.ഡി)പി1-568/2022 തീയ്യതി: 21/07/2022

## വയനാട് ജില്ലയിലെ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഒ കെ അഗസ്റ്റിൻ | ഡെപ്യൂട്ടി ഡയറക്ടർ | 20-06-2022 | 30-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-06-2022 | 30-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രശാന്ത് സി വി , ഓഡിറ്റ് ഓഫീസർ
നവാസ് കെ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഡേവിഡ് കെ വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
റ്റിജി വർഗ്ഗീസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| എൻ സി പ്രസാദ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അനസ് റോസ്ന സ്റ്റെഫി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| കെ സുന്ദരരാജൻ | സെക്രട്ടറി | 01-04-2020 | 25-06-2020 |
| ഇ എൻ ഹരിനാരായണൻ | സെക്രട്ടറി | 26-06-2020 | 10-02-2021 |
| ഹേമലത എം ആർ | സെക്രട്ടറി | 11-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ഹനീഫ് സി | 01-04-2020 | 31-03-2021 |
| മെഡിക്കൽ ഓഫീസർ എഫ് എച്ച് സി | ഡോ.സുഷമ | 01-04-2020 | 31-03-2021 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ശ്രീനാഥ് | 01-04-2020 | 31-03-2021 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.ഹരിശങ്കർ | 01-04-2020 | 31-03-2021 |
| വെറ്റിനറി സർജൻ | ഡോ.സീന | 01-04-2020 | 23-09-2020 |
| വെറ്റിനറി സർജൻ | ഡോ.ജവാദ് | 24-09-2020 | 13-12-2020 |
| വെറ്റിനറി സർജൻ | ഡോ.ശ്രീഷിദ എസ് ജി | 14-12-2020 | 31-03-2021 |
| ഐ സി ഡി എസ് സൂപ്പർവൈസർ | അന്നമമ | 01-04-2020 | 17-08-2020 |
| ഐ സി ഡി എസ് സൂപ്പർവൈസർ | കെ കെ ഉഷ | 18-08-2020 | 31-03-2021 |
| അസിസ്റ്റന്റ് എഞ്ചിനീയർ | വിഷ്ണു | 01-04-2020 | 31-03-2021 |
| ഹെഡ് മാസ്റ്റർ | സോമൻ കെ ഐ | 01-04-2020 | 31-05-2020 |
| ഹെഡ് മാസ്റ്റർ | മീനാക്ഷി എം ജെ | 01-06-2020 | 31-03-2021 |
| വി ഇ ഒ | ബിജു കെ ജെ | 01-04-2020 | 31-03-2021 |
| കൃഷി ഓഫീസർ | ആരണ്യ | 01-04-2020 | 31-03-2021 |
| ടി ഇ ഒ | ശ്രീനാഥ് | 01-04-2020 | 14-04-2021 |
| ടി ഇ ഒ | രജനികാന്ത് | 15-04-2020 | 31-03-2021 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: K.M.Navaz (Asst. Audit Officer, On 01-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: K.M.Navaz (Asst. Audit Officer, On 01-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.M.Navaz (Asst. Audit Officer, On 01-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: K.M.Navaz (Asst. Audit Officer, On 01-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: K.M.Navaz (Asst. Audit Officer, On 02-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.M.Navaz (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: K.M.Navaz (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: K.M.Navaz (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.M.Navaz (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-9 |
| 10 | വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Tiji Varghese (Auditor, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 19-07-2022) | 1-10 |
| 11 | പഞ്ചായത്തിന്റെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Tiji Varghese (Auditor, On 03-07-2022)<br>Last Updated By: Prasanth C V (Audit Officer, On 12-07-2022) | 1-11 |
| 12 | ചട്ടങ്ങൾക്ക് വിരുദ്ധമായും പഞ്ചായത്ത് കമ്മിറ്റിയുടെയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും അനുമതി കൂടാതെയും കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചു.<br>Written By: Tiji Varghese (Auditor, On 03-07-2022)<br>Last Updated By: Prasanth C V (Audit Officer, On 19-07-2022) | 1-12 |
| 13 | സർക്കാർ ഉത്തരവ് പ്രകാരമുള്ള വാടകയിളവ് -രേഖകൾ ഹാജരാക്കിയില്ല.<br>Written By: Tiji Varghese (Auditor, On 03-07-2022)<br>Last Updated By: Tiji Varghese (Auditor, On 03-07-2022) | 1-13 |
| 14 | വാടക കുടിശ്ശിക സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല.<br>Written By: Tiji Varghese (Auditor, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-14 |
| 15 | ബഡ്സ് സ്കൂളിലേക്ക് തെറാപ്യൂട്ടിക്ക് ഉപകരണങ്ങൾ വാങ്ങിയത് -നടപടി ക്രമങ്ങളിലെ അപാകതകൾ<br>Written By: Prasanth C V (Audit Officer, On 02-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-15 |

| | | |
|---|---|---|
| 16 | ചാക്കുകൾ നിർമ്മിക്കാൻ അസംസ്കൃതവസ്തുക്കൾ വാങ്ങിയതിലെ അപാകതകൾ<br>Written By: Prasanth C V (Audit Officer, On 02-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-16 |
| 17 | ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നല്കിയത് -അസ്സൽ രശീതി ഇല്ല<br>Written By: Prasanth C V (Audit Officer, On 02-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-17 |
| 18 | എം.ബുക്കുകൾ സ്റ്റോക്കിലെടുത്തില്ല<br>Written By: Prasanth C V (Audit Officer, On 02-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-18 |
| 19 | തെരുവുവിളക്കുകൾ സ്ഥാപിച്ചതിലെ അപാകതകൾ<br>Written By: Prasanth C V (Audit Officer, On 02-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-19 |
| 20 | കംപ്യൂട്ടറും അനുബന്ധസാമഗ്രികളുടെ എ.എം.സി-നടപടിക്രമങ്ങളിലെ അപാകതകൾ<br>Written By: Prasanth C V (Audit Officer, On 02-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-20 |
| 21 | സാധന പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അനുവാദമില്ലാതെ രക്ഷാപ്രവർത്തനങ്ങൾക്കായി സാധനങ്ങൾ വാങ്ങി.<br>Written By: Prasanth C V (Audit Officer, On 02-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-21 |
| 22 | വിവിധ ഏജൻസികൾക്ക് തുക നല്കിയത് -വിനിയോഗവിവരങ്ങൾ ലഭ്യമല്ലാത്തതും മറ്റ് അപാകതകളും<br>Written By: Prasanth C V (Audit Officer, On 02-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-22 |
| 23 | ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Prasanth C V (Audit Officer, On 02-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-23 |
| 24 | ഹെഡ് മാസ്റ്റർ- നിർവ്വഹണം -പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം ഇല്ലാതെ വാങ്ങലുകൾ നടത്തി<br>Written By: K.M.Navaz (Asst. Audit Officer, On 02-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-24 |
| 25 | മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) - നിർവ്വഹണം- പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം ഇല്ലാതെ വാങ്ങലുകൾ നടത്തി<br>Written By: K.M.Navaz (Asst. Audit Officer, On 02-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-25 |
| 26 | വെറ്റിനറി സർജൻ -നിർവ്വഹണം പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം ഇല്ലാതെ വാങ്ങലുകൾ നടത്തി<br>Written By: K.M.Navaz (Asst. Audit Officer, On 02-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-26 |
| 27 | കൃഷി ഓഫീസര ഗുണഭോക്തൃ സമിതി ലിസ്റ്റ് തയ്യാറാക്കാതെ പ്രോജക്ട് നടപ്പിലാക്കി.<br>Written By: K.M.Navaz (Asst. Audit Officer, On 02-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-27 |
| 28 | മരാമത്ത് പ്രവൃത്തകളുടെ രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിച്ചിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-28 |
| 29 | ഊരംകുന്ന് വനിതാ ഉൽപ്പന്ന വിപണന കേന്ദ്രത്തിന് ചുറ്റുമതിൽ - പ്രവൃത്തി ചെയ്യുന്നതിന് മുമ്പ് മുൻകൂറായി തുക നൽകി.<br>Written By: David K.V (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-29 |

| | | |
|---|---|---|
| 30 | അസി. എഞ്ചിനീയരുടെ ഓഫീസിൽ റാക്ക് അനുബന്ധ സൗകര്യം - കരാറുടമ്പടി ചമയ്ക്കുന്നതിന് മുമ്പ് കരാറുകാരന് തുക നൽകി.<br>Written By: David K.V (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-30 |
| 31 | കോസ്റ്റ് ഇൻഡക്സ് വ്യതിയാനവും നിരക്കിലെ വ്യത്യാസവും - കരാറുകാർക്ക് അധിക തുക നൽകി.<br>Written By: David K.V (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-31 |
| 32 | വേങ്ങാനം ഭ്രദാനം കോളനി റോഡ് ടാറിങ്ങ്<br>Written By: David K.V (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-31-1 |
| 33 | കാപ്പാട്ട്കുന്ന് റീടാറിംഗ്<br>Written By: David K.V (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 19-07-2022) | 1-31-2 |
| 34 | അച്ചൂർ 10-ാം നമ്പർ റോഡ് കോൺക്രീറ്റ്<br>Written By: David K.V (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-31-3 |
| 35 | 4, 5 കോളനി കുടിവെള്ള ടാങ്ക്, പൈപ്പ് ലൈൻ സ്ഥാപിക്കൽ, മോട്ടോർ സ്ഥാപിക്കൽ - എസ്റ്റിമേറ്റ് റികാസ്റ്റ് ചെയ്യാത്തതിനാൽ അധിക ചെലവ്.<br>Written By: David K.V (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 19-07-2022) | 1-32 |
| 36 | അത്തിമൂല വെറ്ററിനറി സബ് സെൻർ റിപ്പയർ - ടെണ്ടർ വ്യതിയാനം കുറവ് ചെയ്തില്ല.<br>Written By: David K.V (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-33 |
| 37 | മിനി കമ്മ്യൂണിറ്റി ഹാൾ നവീകരണം - കരാർ തുകയിൽ ചെലവ് പരിമിതപ്പെടുത്താത്തതിനാൽ അധിക ചെലവ്.<br>Written By: David K.V (Asst. Audit Officer, On 03-07-2022)<br>Last Updated By: David K.V (Asst. Audit Officer, On 03-07-2022) | 1-34 |
| 38 | വേങ്ങത്തോട് ഭ്രതാനം കോളനി റോഡ് ടാറിംങ്ങ് - കരാർ തുകയിൽ ചെലവ് പരിമിതപ്പെടുത്തത്തതിനാൽ അധിക ചെലവ്.<br>Written By: David K.V (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-35 |
| 39 | കരാറുകാർക്ക് കരാറുടമ്പടി പ്രകാരം അർഹമായ മുഴുവൻ തുകയും നൽകിയിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-36 |
| 40 | ജംഗമ വസ്തുക്കളുടെ ആസ്തി/സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-37 |
| 41 | പട്ടികവർഗ്ഗക്കാർക്ക് വാട്ടർടാങ്ക് നല്കൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Prasanth C V (Audit Officer, On 02-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-38 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം **4**

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: K.M.Navaz (Asst. Audit Officer, On 03-07-2022)<br>Last Updated By: K.M.Navaz (Asst. Audit Officer, On 16-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.M.Navaz (Asst. Audit Officer, On 03-07-2022)<br>Last Updated By: K.M.Navaz (Asst. Audit Officer, On 03-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.M.Navaz (Asst. Audit Officer, On 03-07-2022)<br>Last Updated By: K.M.Navaz (Asst. Audit Officer, On 03-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.M.Navaz (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 19-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.M.Navaz (Asst. Audit Officer, On 03-07-2022)<br>Last Updated By: K.M.Navaz (Asst. Audit Officer, On 03-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: K.M.Navaz (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 21-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.M.Navaz (Asst. Audit Officer, On 03-07-2022)<br>Last Updated By: K.M.Navaz (Asst. Audit Officer, On 03-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: K.M.Navaz (Asst. Audit Officer, On 03-07-2022)<br>Last Updated By: K.M.Navaz (Asst. Audit Officer, On 16-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: K.M.Navaz (Asst. Audit Officer, On 03-07-2022)<br>Last Updated By: K.M.Navaz (Asst. Audit Officer, On 03-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.M.Navaz (Asst. Audit Officer, On 03-07-2022)<br>Last Updated By: Prasanth C V (Audit Officer, On 19-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: K.M.Navaz (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 19-07-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 20-21 വർഷത്തെ ബഡ്ജറ്റ് താഴെപ്പറയുന്ന രീതിയിൽ അംഗീകരിച്ചിട്ടുണ്ട്.പുതുക്കിയ/യഥാർത്ഥ ബജറ്റിലെ കണക്കുകളും വാർഷിക കണക്കുകളും തമ്മിൽ യാതൊരു പൊരുത്തമില്ല.ബജറ്റ് യാഥാർത്ഥ്യ ബോധമില്ലാതെയാണ് തയ്യാറാക്കിയിരിക്കുന്നത്.

| ഇനം | 2020-21 | |
|---|---|---|
| | യഥാർത്ഥം | പുതുക്കിയത് |
| മുൻബാക്കി | 583518 | 100000 |
| വരവ് | 210282570 | 209704570 |
| ആകെ | 210866088 | 209804570 |
| ചെലവ് | 209819570 | 208813582 |
| നീക്കിബാക്കി | 1046518 | 990988 |
| തീരുമാനം നമ്പർ/തീയതി | 1/1 24.3.20 | 1/18.2.21 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.21 | 26.10.21 | - | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 18753761 |
| വരവ് | 96699139 |
| ആകെ | 115452900 |
| ചെലവ് | 100432795 |
| നീക്കിയിരിപ്പ് | 15020105 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16758771 | 16758771 | 16059647 | 699124 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3376335 | 3376335 | 3319181 | 57154 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 10922568 | 10922568 | 8828230 | 2094338 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7710000 | 7710000 | 7710000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4822723 | 4822723 | 4423112 | 399611 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 19024562 | 19024562 | 11431045 | 7593517 |
| ജനറൽ പർപസ് ഫണ്ട് | 0 | 8542007 | 8542007 | 3265763 | 5276244 |

എസി ആർ പ്രകാരമുള്ള മേൽ കണക്ക് വാർഷിക പദ്ധതി ചെലവ് സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 210 | 12,72,26,895 | 157 | 76483649 | 21 | 32 | 60.12 |

ആസൂത്രണം ചെയ്തതിൽ 32 പദ്ധതികൾ പൂർണ്ണമായും നടപ്പാക്കിയിട്ടില്ല. നടപ്പാക്കിയ പദ്ധതികളിൽ നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള നിർവ്വഹണ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 30 | 25 | 12528425 | 10234312 | 81 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 3 | 627250 | 452282 | 72 |
| കൃഷി ഓഫീസർ | 14 | 4 | 2507088 | 894318 | 35 |
| വെറ്റിനറി സർജൻ | 15 | 11 | 11877743 | 5959691 | 50 |
| മെഡിക്കൽ ഓഫീസർ(എഫ് എച്ച് സി) | 7 | 7 | 2441281 | 2308833 | 94 |
| മെഡിക്കൽ ഓഫീസര് ആയുർവേദം | 3 | 3 | 691000 | 691000 | 100 |
| മെഡിക്കൽ ഓഫീസര് ഹോമിയോ | 3 | 3 | 225000 | 215694 | 96 |
| വി ഇ ഒ | 9 | 6 | 38892742 | 15065794 | 39 |
| ഫിഷറിസ് സബ് ഇൻസ്പെക്ടർ | 2 | 0 | 2189200 | - | - |
| ടി ഇ ഒ | 2 | 1 | 44200000 | 4120000 | 93 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 9 | 8 | 6590200 | 5340386 | 81 |
| ഹെഡ് മാസ്റ്റർ | 7 | 3 | 1599989 | 590308 | 37 |
| അസി.എഞ്ചിനീയർ | 105 | 81 | 42636977 | 30611031 | 72 |
| ആകെ | 210 | 157 | 127226895 | 76483649 | 60 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 795550 | 5115140 | 5910690 | 5678423 | 232267 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 55484314 | 55484314 | 55484314 | |
| മെറ്റീരിയൽസ് | | 19893460 | 19893460 | 19658840 | 234620 |
| ആകെ | 795550 | 80492914 | 81288464 | 80821577 | 466887 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3856600 | 181 |
| വിധവാപെൻഷൻ | 20489800 | 741 |
| വാർദ്ധക്യകാലപെൻഷൻ | 27417300 | 1201 |
| വികലാംഗപെൻഷൻ | 4777600 | 209 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30/06/22 തീയതിയിൽ രാവിലെ 10.30 ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ്ബാലൻസായ 6752/-രൂപ(ആറായിരത്തി എഴുന്നൂറ്റി അൻപത്തി രണ്ട് രൂപ)യുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.5.2022 – 30.5.2022 | 2021-22 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.11.2010 | 2005/06 – 2009/10 | 11.01.2011 |

## 1-10 വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക ഭരണസമിതിയുടെ 10.09.2021 തിയ്യതിയിലെ 01/01 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളതാണ്.ഗ്രാമപഞ്ചായത്തിന്റെ വാർഷികകണക്ക് ഐ എൽ ജി എം എസ് സോഫ്റ്റ്‌വെയറിലാണ് തയ്യാറാക്കിയത്. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (കെ.എസ്.എ.ഡബ്ളിയൂ.വൈ.ഡി പി1-446/2021 ഖണ്ഡിക 1-2 ആയി ഉൾപ്പെടുത്തിയ ) വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

2. 2019-20 വാർഷിക കണക്കിലെ ട്രയൽ ബാലൻസിലുള്ള എല്ലാ അക്കൗണ്ടുകളും 2020-21 വാർഷിക കണക്കിലേക്ക് ഉൾക്കൊള്ളിച്ചിട്ടില്ല. ഉദാ. ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടുകൾ.

3.കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രകയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2020-21 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവയും മുൻവർഷത്തെ താരതമ്യ തുകകളും രേഖപ്പെടുത്തിയിട്ടില്ല.

4. ഗ്രാമപഞ്ചായത്തിൽ 28.09.2020 തിയ്യതിയിലാണ് ILGMS സോഫ്റ്റ്‌വെയർ ഉപയോഗിച്ചു തുടങ്ങിയത്. 27.09.2020 തിയ്യതിയിലെ സാംഖ്യയിലെ നീക്കിയിരിപ്പിൽ നിന്നും ILGMS ലെ മുന്നിരിപ്പിലേക്ക് വന്നപ്പോൾ ആസ്തി ബാധ്യത തുകയിലെ കൃത്യത പരിശോധിക്കാനാവശ്യമായ പാസ്റ്റ് ഡാറ്റാ എൻട്രി ഫയൽ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ സാംഖ്യയിലെ നീക്കിയിരിപ്പ് തന്നെയാണോ ഐ എൽ ജി എം എസ്സിൽ മുന്നിരിപ്പായി എടുത്തിരിക്കുന്നതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5.ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂൾ അക്കൗണ്ട് കോഡ് 410800101 പ്രകാരം സ്ഥിരാസ്തികളുടെ മൂല്യമായി 1,00,98,972/-രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. മുൻ വർഷത്തെ വാർഷിക കണക്കിലെ ഏതൊക്കെ സ്ഥിരാസ്തികളുടെ മൂല്യമാണിതെന്ന് കാണിക്കുന്ന പത്രിക വാർഷിക കണക്കിനോടോപ്പം ഉള്ളടക്കം ചെയ്യാത്തതിനാൽ ഇവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6.ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ കാൽക്കുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ ആസ്തികൾക്ക് രേഖപ്പെടുത്തിയിരിക്കുന്ന ഡിപ്രീസിയേഷന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

7.കരാറുകാർക്ക് കൊടുക്കാനുള്ള തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല

എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം വിവിധ പ്രവൃത്തികളുടെ മൂല്യമായി 75,81,077 രൂപ കരാറുകാർക്ക് നൽകാനുണ്ട്. ഈ തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

8.തനത് ഫണ്ടിനൊപ്പം നിക്ഷേപിച്ചിട്ടുള്ള പ്രത്യേക ഉദ്ദേശ ഗ്രാൻറ് തുകകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല-

പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ബി-4 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള എൻ.ആർ.ജി.ഇ.എ., ജലനിധി എന്നിവ ഒഴികെയുള്ള ഗ്രാന്റുകൾക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. തനത്

ഫണ്ടിനൊപ്പം നിക്ഷേപിച്ചിട്ടുള്ള പ്രത്യേക ഉദ്ദേശ ഗ്രാൻറ് തുകകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മറ്റ് ഫണ്ടുകളോടൊപ്പം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള പ്രസ്തുത ബാധ്യതകൾക്ക് തുല്യമായ തുക ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ ഉണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

9.എം എൻ ആർ ഇ ജി എ യ്ക്ക് നൽകിയ അഡ്വാൻസ് തുക- രജിസ്റ്ററും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

രജിസ്റ്റർ പ്രകാരം എം എൻ ആർ ഇ ജി എ അഡ്വാൻസ് ഇനത്തിൽ 10,68,695/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ എം എൻ ആർ ഇ ജി എ അഡ്വാൻസ് ഇനത്തിൽ( അക്കൗണ്ട് ശീർഷകം 460500801) 8,75,335/- രൂപ മാത്രമേ കാണിച്ചിട്ടുള്ളൂ. രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ 1,93,360/- രൂപയുടെ വ്യത്യാസം ഉണ്ട്. ഇവ തമ്മിലുള്ള പൊരുത്തക്കേടിന് വിശദീകരണം നൽകേണ്ടതാണ്.

10.ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട് I-17(A) പ്രകാരം 19,90,371/- രൂപ സ്ഥിരാസ്തികളുടെ ഡിപ്രീസിയേഷൻ കാണിച്ചിട്ടുണ്ട്. എന്നാൽ വാഹനം, കമ്പ്യൂട്ടറുകൾ എന്നിവയ്ക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.

11.ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല-

ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ പ്രകാരം ബാദ്ധ്യയായി കാണിച്ചിരിക്കുന്ന ലോൺ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| അക്കൗണ്ട് കോഡ് | ഇനം | തുക |
|---|---|---|
| 330500102 | സെക്യൂവേഡ് ലോൺ ഫ്രം കോ ഓപ്പറേറ്റീവ് ബാങ്ക് | 1,01,76,575 |
| 330500201 | സെക്യൂവേഡ് ലോൺ ഫ്രം KURDFC | 2,02,06,355 |

ലോൺ രജിസ്റ്ററോ വായ്പ്പയ്ക്ക് ആധാരമായ രേഖകളോ ഹാജരാക്കാത്തതിനാൽ വായ്പാ വിവരത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

12.Liability In Respect Of Stale Cheque എന്ന ശീർഷകത്തിലുള്ള കാലാവധി കഴിഞ്ഞ ചെക്കുകൾ വരുമാനത്തിലേക്ക് മുതൽക്കൂട്ടിയിട്ടില്ല-

കേരള പഞ്ചായത്തീരാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 46) പ്രകാരം പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക കാലാവധി "കഴിഞ്ഞ ചെക്കുകൾ (Liability In Respect Of Stale Cheque)"എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുണ്ടെങ്കിലും 3 വർഷത്തിലധികം കഴിഞ്ഞ ചെക്കുകൾ വരുമാനമായി കണക്കാക്കി അകൗണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. അക്കൗണ്ട് ഹെഡ് 350800101 (B-9) Liability In Respect Of Stale Cheque എന്ന ശീർഷകത്തിൽ 24,556/- രൂപയുടെ ചെക്ക് ബാധ്യതയായി കാണിച്ചിട്ടുണ്ട്.ഇവയിൽ 3 വർഷം കഴിഞ്ഞ ചെക്കുകൾ വരുമാനത്തിലേക്ക് മുതൽക്കൂട്ടി അറിയിക്കേണ്ടതാണ്.

13.പാർട്ട് ബിൽ ആയി നൽകിയ തുകയുടെ പൂർണ്ണ വിവരം വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല-

എൽ എസ് ജി ഡി എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം തൻ വർഷം 6,50,207/-രൂപ യുടെ വർക്കുകൾ പാർട്ട് ബിൽ ആയി നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് നം | പ്രൊജക്ടിന്റെ പേര് | തുക |
|---|---|---|
| 40 | പള്ളിയാൽതൊട്ടക റോഡ് കോൺക്രീറ്റ് | 141,301 |
| 52 | പത്താം നം.കൽവർട്ട് നിർമ്മാണം | 4,29,906 |
| 85 | തെങ്ങുംപ്ലാക്കൽ ഫുട്ട്പാത്ത് | 79,000 |
| ആകെ | | 6,50,207/- |

പാർട്ട് ബില്ലായി 6,50,207/- രൂപ നൽകിയിട്ടുണ്ടെങ്കിലും Capital Work In Progress എന്ന ശീർഷകത്തിൽ(അകൗണ്ട് ഹെഡ് 412010101 (B-11(b)) 79,000/-രൂപയുടെ പ്രവൃത്തി മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. 5,71,207/- രൂപയുടെ പ്രവൃത്തിമൂല്യം ഉൾപ്പെടുത്തിയിട്ടില്ല.

14.capital Work In Progress കണക്കാക്കുന്നതിന് സ്ഥാപനം വർക്ക്ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

15.തനത് ഫണ്ട് മൈനസ് ബാലൻസായി കാണുന്നു:-

ഓഡിറ്റ് പരിശോധനയിൽ പഞ്ചായത്ത് തനത് ഫണ്ട് 87,22,572/- രൂപ നെഗറ്റീവ് ബാലൻസാണെന്ന് കണ്ടെത്തി. കാൽക്കുലേഷൻ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇനം | തുക |
|---|---|
| ക്യാഷ് & ബാങ്ക് ബാലൻസ് (B-17) | 150,20,105 |
| Add | |
| ലോൺസ് അഡ്വാൻസ് & ഡെപോസിറ്റ് (B-18) | 8,75,535 |

| | |
|---|---|
| Add | |
| കിട്ടാനുള്ള തുകകൾ(B-15) | 2,45,929 |
| | 16,141,569 |
| Less | |
| ഗ്രാന്റ്സ്, ഫണ്ട്സ്& കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക്ക് പർപ്പസസ് | 213,04,341 |
| ഡെപ്പോസിറ്റ്സ് റിസീവ്ഡ് | 9,21,250 |
| അദർ ലൈബിലിറ്റീസ് | 26,38,550 |
| | 8,722,527 |

16.ബി-1 ഷെഡ്യൂളിന്റെ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല-

വാർഷിക കണക്ക് ബി-1 ഷെഡ്യൂൾ അക്കൗണ്ട് കോഡ് 310100101 പ്രകാരം പഞ്ചായത്ത് ഫണ്ട് ജനറൽ ഇനത്തില് 1,07,99,644/-രൂപ കാണിച്ചിട്ടുണ്ട്. അക്കൗണ്ട് കോഡ് 310900101 പ്രകാരം 68,28,700/- രൂപ വരവിനേക്കാൾ കൂടുതൽ ചെലവും കാണിക്കുന്നു.

കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

17.RP-15 സ്റ്റേറ്റ്മെന്റിൽ 2408001001 അക്കൗണ്ട് ശീർഷകത്തിൽ അദർ ഫിനാൻസ് എക്സ്പെൻസ് ഇനത്തിൽ 2,00,000/- രൂപ ചെലവുണ്ട്. വിശദമായ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

18.B-9 ഷെഡ്യൂൾ അക്കൗണ്ട് കോഡ് 350400399 അക്കൗണ്ട് ശീർഷകത്തിൽ അദർ ഫീസിനത്തിൽ 2017 മുതൽ 35,727/- രൂപ തിരികെ കൊടുക്കാനുണ്ട്. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ചട്ടങ്ങൾ) ചട്ടം 79, KFC Vol. I Article 282 എന്നിവ പ്രകാരം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി അറിയിക്കേണ്ടതാണ്.

19. തൊഴിൽ രഹിത വേതനം, സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ഈ ഇനങ്ങൾക്ക് ഫണ്ട് അനുവദിച്ച ഉത്തരവുകളുടെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

20.ബാലൻസ് ഷീറ്റ് ബി 7 ഷെഡ്യൂളിൽ ഡെപ്പോസിറ്റ് റിസീവ്ഡ് ഇനത്തിൽ 9,21,250/- രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. ഈ തുക 1993-94 വർഷം മുതൽ വിവിധയിനങ്ങളിലായി ലഭിച്ച ഡെപ്പോസിറ്റുകളാണെന്ന് ലഭ്യമാക്കിയ രേഖകളിൽ കാണുന്നു.ഇതിൽ കോട്രാക്ടേഴ്സ് EMD ഇനത്തിൽ 1996-97 വർഷം ലഭിച്ച 210,000/-രൂപയും ഉൾപ്പെടുന്നു. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

21. ബി -9 ഷെഡ്യൂളിൽ അക്കൗണ്ട് കോഡ് 350800199 അദർ ക്രെഡിറ്റേഴ്സ് ഇനത്തിൽ 8,52,342/- രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. ലെഡ്ജറിന്റെ വിശദമായ പരിശോധനയിൽ 08/03/2020 തിയ്യതിയിൽ 13,60,149/- രൂപ സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് 7029 അക്കൗണ്ടിൽ അൺനോൺ എമൗണ്ട് റിസീവ്ഡ് ഇനത്തിൽ കാണിച്ചിട്ടുണ്ട്. വിശദീകരണം നൽകേണ്ടതും ഈ ശീർഷകത്തിൽ വന്ന ബാധ്യതാ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

22. വാർഷിക കണക്കിൽ മറ്റ് ഏജൻസികൾക്ക് കൊടുക്കാനുള്ള തുക ബാദ്ധ്യതയായി കാണിച്ചിട്ടുണ്ട്.
ഉദാ: ചുവടെ കൊടുക്കുന്നു.

| അക്കൗണ്ട് കോഡ് | ഇനം | തുക |
|---|---|---|
| 350200114 | റിക്കവറീസ് പേയബിൾ | 4,000 |
| 350300101 | ലൈബ്രറി സെസ്സ് | 2,14,506 |
| 350200203 | കേരള ബിൽഡിംഗ് & കൺസ്ട്രക്ഷൻ<br>വർക്കേഴ്സ് വെൽഫെയർ ബോർഡ് | 99,722 |
| 350300103 | വാറ്റ് | 53,725 |

മറ്റ് ഏജൻസികളിലേക്ക് അടക്കുവാനുള്ള തുക സമയബന്ധിതമായി അടക്കുന്നില്ല. മുൻ വർഷങ്ങളിലെ വാർഷിക കണക്കിലും ഈ തുക ബാദ്ധ്യതയായി കാണിച്ചിട്ടുണ്ട്.മറ്റ് ഏജൻസികളിലേക്ക് അടവാക്കാനുള്ള തുക സമയബന്ധിതമായി അടവാക്കാത്തതുമൂലം അടവാക്കേണ്ടി വരുന്ന പിഴത്തുകൾക്ക് അതത് കാലത്തെ സെക്രട്ടറിമാർ ഉത്തരവാദിയായിരിക്കുന്നതാണ്.

23.അക്രൂവൽ അല്ലാത്ത ഇനമായ തൊഴിൽ നികുതിയുടെ റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും ഇൻകം ആന്റ് എക്സ്പെന്റിച്ചർ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഹെഡ്ഡ് ഓഫ് അക്കൗണ്ട് | ഇൻകം&എക്സ്പെൻറീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം | റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെൻറ് പ്രകാരം |
|---|---|---|
| 110100200- Profession Tax Of Employees | ₹7,12,220/- | ₹6,77,790/- |

24.കിട്ടാനുള്ള തുകകൾ പൂർണ്ണമായും വാർഷിക കണക്കിൽ ഉൾക്കൊള്ളിച്ചിട്ടില്ല.
ഉദാ: ഇ ടെണ്ടർ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ തുക. ഈ തുക LSGD എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. പഞ്ചായത്ത് അക്കൗണ്ടിൽ വന്നിട്ടില്ല.

25.സ്ഥാപന തൊഴിൽ നികുതിയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

26.തനത് ഫണ്ട് സൂക്ഷിക്കുന്ന കേരള ഗ്രാമീൺബാങ്ക് 40229100107029 അക്കൗണ്ടിൽ വിവിധ വരവിനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത 16,071/- രൂപയുടെ ചെക്കുകൾ പണമായി മാറാനുണ്ട്.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വൗച്ചർ തിയ്യതി | ചെക്ക് നം & തിയ്യതി | തുക |
|---|---|---|
| 18/03/2021 | 698477/22/02/2021 | 13,571/- |
| 07/09/2020 | 2637263/27/08/2020 | 1,250/- |
| 01/03/2021 | 2637284/15/02/2021 | 1,250/- |

കേരള പഞ്ചായത്തീരാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 22) പ്രകാരം ഏതെങ്കിലും ചെക്ക് ബാങ്ക് സ്വീകരിക്കാതെ മടക്കുകയാണെങ്കിൽ ചെക്ക് നൽകിയ ആളെ ചെക്ക് മടങ്ങിയ വിവരം അറിയിച്ച് ബാങ്ക് ചാർജ്ജ് അടക്കമുള്ള തുക ഈടാക്കേണ്ടതും രസീതിന്റെ ഓഫീസ് കോപ്പി റദ്ദ് ചെയ്യേണ്ടതും മടക്കിയ ചെക്ക് സെക്രട്ടറി സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് ചട്ടപ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.

27.Sale Of Tender Form ഇനത്തിൽ തൻ വർഷം 65,010/- രൂപ വിറ്റു വരവുണ്ട്(RP-5).ഇതിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

28.വിവിധയിനത്തിലുള്ള തനതു വരുമാന രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല-

| ഇനം | | രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| തൊഴിൽ നികുതി | ഡിമാന്റ് | 7,14,720 | 712,220 | 2,500 |
| | കളക്ഷൻ | 7,12,220 | 6,77,790 | 34,430 |
| | ബാലൻസ് | 2,500 | 0 | 2,500 |
| വസ്തു നികുതി | ഡിമാന്റ് | 34,87,946 | 33,20,900 | 167,046 |
| | കളക്ഷൻ | 34,41,410 | 32,44,553 | 1,96,857 |
| | ബാലൻസ് | 46,536 | 47,245 | 709 |

വാർഷിക കണക്കിൽ 76,347/- രൂപ വസ്തു നികുതിയിനത്തിൽ തൻ വർഷ കുടിശ്ശിക ഉണ്ട് എന്നാൽ 47,245/-(18,497+28,748)രൂപയാണ് തൻ വർഷ കുടിശ്ശികയായി B-15 ഷെഡ്യൂളിൽ കാണിച്ചിരിക്കുന്നത്.29,102/-രൂപ അഡ്ജസ്റ്റ് ചെയ്ത ജേണൽ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

തൊഴിൽ നികുതിയിനത്തിൽ 34,430/- രൂപ പിരിഞ്ഞു കിട്ടാനുണ്ട്. വാർഷിക കണക്കിൽ തൊഴിൽ നികുതിയിനത്തിൽ തുക പിരിഞ്ഞു കിട്ടാനുള്ളതായി കാണിച്ചിട്ടില്ല. തുക അഡ്ജസ്റ്റ് ചെയ്ത ജേണൽ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

29. ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആസ്തികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ സ്ഥിരാസ്തികളുടെ മൂല്യത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

അപാകതകൾക്കുള്ള വിശദീകരണവും ബന്ധപ്പെട്ട രേഖകളും ഹാജകാക്കേണ്ടതാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 19/2020-21/ 30.06.2022) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്കുള്ള വിശദീകരണവും ബന്ധപ്പെട്ട രേഖകളും ഹാജരാക്കേണ്ടതാണ്.

## 1-11 പഞ്ചായത്തിന്റെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ഡിമാന്റ് നോട്ടീസ് അയക്കുകയോ ചെയ്തിട്ടില്ല.1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരർദ്ധവർഷം തൊഴിൽ നികുതി കൊടുക്കുന്നതിന് ബാദ്ധ്യസ്ഥനോ, ബാധ്യസ്ഥരോ ആണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം അങ്ങനെയുള്ള കമ്പനിയോട്/ആളോട് തുടർന്നുള്ള അർദ്ധവർഷത്തിൽ ഫോറം VI ലുള്ള നോട്ടീസ് പ്രകാരം 15 ദിവസത്തിനുള്ളിൽ റിട്ടേൺ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകേണ്ടതായിരുന്നു. അതുപോലെത്തന്നെ മേൽ ചട്ടങ്ങളിൽ ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിയ്ക്ക് തൊഴിലുടമയോട് സ്ഥാപനത്തിൽ ജോലിചെയ്യുന്ന എല്ലാവരുടേയും പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റ്, വരുമാനത്തെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഹിതം നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്. LSGD എൻജിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന 20 അംഗീകൃത കരാറുകാർ ഉണ്ട്. കരാറുകാരുടെ വിവരങ്ങളും അടയ്ക്കാൻ ബാദ്ധ്യസ്ഥമായ തൊഴിൽ നികുതിയുടെ വിവരങ്ങളും ചുവടെ കൊടുക്കുന്നു.

| ക്രമ നം | കരാറുകാരന്റെ പേര് | ഒന്നാം അർദ്ധവർഷ തൊഴിൽ നികുതി | രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി | ആകെ |
|---|---|---|---|---|
| 1 | ഉബൈദ് പി | 1250 | 1250 | 2500 |
| 2 | മുബഷീർ മുബാറക്ക് പി | 1250 | 1250 | 2500 |
| 3 | ഗംഗാധരൻ കെ | 1250 | 1250 | 2500 |
| 4 | മജീദ് പി | 1250 | 1250 | 2500 |
| 5 | സിദ്ധീഖ് കെ | 1250 | 1250 | 2500 |
| 6 | വെന്നി പി | 1250 | 1250 | 2500 |
| 7 | സെയ്ദാലി കെ പി | 1250 | 1250 | 2500 |
| 8 | അബ്ദുൾ സലാം എം പി | 1250 | 1250 | 2500 |
| 9 | രവിചന്ദ്രൻ കെ | 1250 | 1250 | 2500 |
| 10 | അബ്ദുൾ സജീർ | 1250 | 1250 | 2500 |
| 11 | റൂബൻ രാജേഷ് | 1250 | 1250 | 2500 |
| 12 | അബ്ദുൾ റഹിമാൻ | 1250 | 1250 | 2500 |
| 13 | റഹ്മാസ് കെ | 1250 | 1250 | 2500 |
| 14 | അബ്രഹാം ജി | 1250 | 1250 | 2500 |
| 15 | ഷിനോജ് വർഗ്ഗീസ് | 1250 | 1250 | 2500 |
| 16 | റോബിൻസൺ ആന്റണി | 1250 | 1250 | 2500 |
| 17 | സുധീഷ് കുമാർ | 1250 | 1250 | 2500 |
| 18 | ഷിഹാബ് കെ കെ | 1250 | 1250 | 2500 |
| 19 | അബ്ദുൾ ഗഫൂർ കെ കെ | 1250 | 1250 | 2500 |

| | | | | |
|---|---|---|---|---|
| 20 | സോമൻ കെ | 1250 | 1250 | 2500 |
| ആകെ | | 25,000 | 25,000 | 50,000 |

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല(ഓഡിറ്റ് എൻക്വയറി നം. 23/2020-21/ 30.06.2022). 2020-21 വർഷം കരാറുകാരിൽ നിന്നും 50,000/- രൂപ തൊഴിൽ നികുതിയിനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്. കരാറുകാരിൽ നിന്നും ഈടാക്കാനുള്ള തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നായ തൊഴിൽനികുതി പൂർണ്ണമായും ഈടാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 ചട്ടങ്ങൾക്ക് വിരുദ്ധമായും പഞ്ചായത്ത് കമ്മിറ്റിയുടെയും ധനകാര്യ സ്റ്റാൻഡിംഗി കമ്മിറ്റിയുടേയും അനുമതി കൂടാതെയും കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചു.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 21(1) പ്രകാരം ഏതെങ്കിലും കെട്ടിടം ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേക്ക് തുടർച്ചയായി ഒരു ആവശ്യത്തിനും ഉപയോഗിക്കാതെ ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞു കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയുടെ പകുതിയിൽ കവിയാത്ത തുക സെക്രട്ടറിയ്ക്ക് ഇളവ് ചെയ്ത് കൊടുക്കാവുന്നതാണ്. ചട്ടം 21(2)(b)(i) ഉപചട്ട പ്രകാരം നികുതിയിളവ് ചെയ്തു കിട്ടുന്നതിനുള്ള കാലം കണക്കാക്കേണ്ടത് ആ ആവശ്യത്തിനുള്ള നോട്ടീസ് നൽകിയ തിയ്യതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞുകിടന്ന തിയ്യതി മുതൽക്കോ ഇതിൽ ഏത് ഒടുവിൽ വരുന്നോ ആ തിയ്യതി മുതൽ കണക്കാക്കേണ്ടതാകുന്നു. ചട്ടം 21(3) പ്രകാരം ഇങ്ങനെ അനുവദിച്ച നികുതിയിളവ് ഫോം II വിലുള്ള നികുതിയിളവ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷം ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്ക് നൽകിയ നികുതിയിളവ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.ഗ്രാമപഞ്ചായത്തിൽ വേക്കൻസി റെമിഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2.ചട്ടത്തിനു വിപരീതമായി 03/03/2021 തിയ്യതിയിൽ അപേക്ഷ നൽകിയ (അപേക്ഷ നം.1058/21 തിയ്യതി 03/03/2021) മലനാട് ടൈൽസ് ക്ലെ പ്രൊഡക്ട്സ് എന്ന സ്ഥാപനത്തിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയോ ഭരണ സമിതിയുടേയോ അനുമതിയില്ലാതെ 2020-21 സാമ്പത്തിക വർഷത്തിലെ രണ്ട് അർദ്ധവർഷത്തിലും ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ വിഭാഗത്തിൽപ്പെടുത്തി ചുവടെ കൊടുക്കും പ്രകാരം നികുതിയിളവ് നൽകിയിട്ടുണ്ട്.

| കെട്ടിടത്തിന്റെ നം. | ഒന്നാം അർദ്ധവർഷ നികുതിയിളവ് | രണ്ടാം അർദ്ധവർഷ നികുതിയിളവ് | നൽകിയ ആകെ ഇളവ് |
|---|---|---|---|
| 3/49 | 6451 | 6451 | 12902 |
| 3/50 | 127 | 127 | 254 |
| 3/51 | 224 | 224 | 448 |
| ആകെ | 6802 | 6802 | 13604 |

മേൽ സ്ഥാപനം രണ്ടാം അർദ്ധവർഷത്തിലാണ് നികുതിയിളവിനുള്ള അപേക്ഷ സമർപ്പിച്ചത്. ആയതിനാൽ 03/03/2021 മുതൽ 31/03/2021 വരെ 29 ദിവസത്തെ നികുതിയിളവിനാണ് ടിയാന് അർഹതയുള്ളൂ. ടിയാന് അർഹമായ നികുതിയിളവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| കെട്ടിടത്തിന്റെ നം. | അർദ്ധ വാർഷിക നികുതി | അർഹമായ നികുതിയിളവ് |
|---|---|---|
| 3/49 | 6451 | 1028 |
| 3/50 | 127 | 20 |
| 3/51 | 224 | 36 |
| ആകെ | 6802 | 1084 |

ടിയാന് 1,084/- രൂപയുടെ നികുതിയിളവിന് മാത്രമേ അർഹത ഉണ്ടായിരുന്നുള്ളൂ. എന്നാൽ 13,604/- രൂപ നികുതിയിളവ് അനുവദിച്ചു. ചട്ടത്തിന് വിരുദ്ധമായി നികുതിയിളവ് അനുവദിച്ചതിന് വിശദീകരണം

നൽകേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം. 03/2020-21/ 23.06.2022)മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടത്തിന്ന വിരുദ്ധമായി നികുതിയിളവ് അനുവദിച്ചതിനാൽ 2020-21 വർഷം ടിയാന് അനുവദിച്ച നികുതിയിളവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. നഷ്ടം ഈടാക്കാനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-13 സർക്കാർ ഉത്തരവ് പ്രകാരമുള്ള വാടകയിളവ് -രേഖകൾ ഹാജരാക്കിയില്ല.

29/06/2020 തിയ്യതിയിലെ സർക്കാർ ഉത്തരവ് (സാധാ)നം.1278/20 ഉത്തരവ് പ്രകാരം കോവിഡ് 19 പ്രതിരോധവുമായി ബന്ധപ്പെട്ട് ലോക്ക് ഡൗൺ ഏർപ്പെടുത്തിയതുമൂലം സംസ്ഥാനത്തൊട്ടാകെ മിക്ക സ്ഥാപനങ്ങളും തുറന്ന പ്രവർത്തിക്കാൻ സാധിക്കാതിരുന്നതിനാൽ ത സ്വ ഭ വ സ്ഥാപനങ്ങളുടെ/ വികസന അതോറിറ്റികളുടെ ഉടമസ്ഥതയിലുള്ളതും ലോക്ക് ഡൗൺ കാലയളവിൽ തുറന്ന പ്രവർത്തിക്കാൻ അനുവാദമില്ലാത്തതുമായ സ്ഥാപനങ്ങൾക്ക് വാടകയിളവ് നൽകിയിട്ടുണ്ട്.

ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം 26,474/- രൂപ വാടകയിളവ് നൽകിയിട്ടുണ്ട്. വാടകയിളവ് നൽകിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ചോദിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ലോക്ഡൗൺ കാലത്ത് തുറന്ന് പ്രവർത്തിക്കാൻ അനുമതിയുള്ള സ്ഥാപനങ്ങൾക്കാണോ നികുതിയിളവ് നൽകിയതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

കൂടാതെ മേൽ ഉത്തരവ് നിബന്ധന 3) പ്രകാരമുള്ള ത സ്വ ഭ വ സ്ഥാപന ജീവനക്കാരന്റെ റിപ്പോർട്ടും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഭരണ സമിതി തീരുമാനവും ഹാജരാക്കിയിട്ടില്ല.

അപാകതകൾക്കുള്ള വിശദീകരണവും ബന്ധപ്പെട്ട രേഖകളും ഹാജരാക്കേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം. 05/2020-21/ 23.06.2022) അപാകതകൾക്കുള്ള വിശദീകരണവും ബന്ധപ്പെട്ട രേഖകളും ഹാജരാക്കേണ്ടതാണ്.

## 1-14 വാടക കുടിശ്ശിക സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല.

2020-21 ഓഡിറ്റിന്റെ ഭാഗമായി വാടക രജിസ്റ്റർ പരിശോധിച്ചതിൽ അബ്ദുൾസലാം കണ്ണാട്ട്തൊടി എന്നയാൾ വാടക കുടിശ്ശികയിനത്തിൽ 6948/- രൂപ അടവാക്കാനുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്ന് ടിയാന്റെ വാടക സെക്യൂരിറ്റിയായി അടവാക്കിയ തുക വാടക കുടിശ്ശിക ഇനത്തിലേക്ക് വരവ് വെച്ച എന്ന് കാണിച്ചിട്ടുണ്ടെങ്കിലും എത്ര രൂപ വാടക സെക്യൂരിറ്റിയായി സ്വീകരിച്ച എന്ന വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. കുടിശ്ശിക തുക ഏതൊക്കെ മാസത്തെയാണെന്നും ടിയാൻ വാടക സെക്യൂരിറ്റിയിനത്തിൽ എത്ര രൂപ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെന്നും വാടക സെക്യൂരിറ്റിയേക്കാൾ കൂടുതൽ വാടക കുടിശ്ശിക വന്നതിനുള്ള വിശദീകരണവും നൽകേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം. 05/2020-21/ 23.06.2022). അപാകതകൾക്കുള്ള വിശദീകരണവും ബന്ധപ്പെട്ട രേഖകളും ഹാജരാക്കേണ്ടതാണ്.

## 1-15 ബഡ്സ് സ്കൂളിലേക്ക് തെറാപ്യൂട്ടിക്ക് ഉപകരണങ്ങൾ വാങ്ങിയത് -നടപടി ക്രമങ്ങളിലെ അപാകതകൾ

ഓഡിറ്റ് വർഷം പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള ബഡ്സ് സ്കൂളിലേക്ക് താഴെപ്പറയും പ്രകാരം തെറാപ്യൂട്ടിക് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| വൗച്ചർ നം.തിയ്യതി | വാങ്ങിയ ഉപകരണങ്ങൾ | എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 2200123/27-5-2020 | Parallel Bar | 1 | 89782/- |
| | | | |
| | Therapy Mat | 3 | |
| | Therapy Table | 1 | |
| | Wheel Chair | 2 | |
| | Corner Stair Case | 1 | |
| 22000124/27-5-20 | Floor Play Activities | 1 | 199495/- |
| | Papper Bag Machine | 1 | |

| | | | |
|---|---|---|---|
| 22000125/27-5-20 | Static Cycle | 1 | 97974/- |
| | Tread Mill-motorized | 1 | |
| | Therapy Ball Set | 1 | |
| | V Band Exerciser | 1 | |
| | Peanut Ball Anti-burst | 1 | |
| | Trampoline 48 Inch | 1 | |
| | Sensory Ball | 1 | |
| | Bean Table Wooden Height Adjustable | 1 | |
| | Fibre Chair Heavy Duty | 6 | |
| 22000126/27-5-20 | Color Match N Drop Ball | 1 | 74487/- |
| | Smile Balance Walk | 1 | |
| | Pin Art | 1 | |
| | Twister Stacker | 1 | |
| | Cat Wall Element | 1 | |
| | Hop Scotch | 1 | |
| | Rain Sound | 1 | |
| | TLM Kit | 1 | |
| | MR Kit | 1 | |
| | Eye Hand Coordination Kit | 1 | |
| | Fine Motor Kit | 1 | |
| | Wooden Easel Board | 1 | |
| | Eva Floor Mat | 1 | |
| | Z Vibe | 1 | |
| | Z Grabber | 1 | |
| | The Right Bite | 1 | |
| | The Spirometer | 1 | |
| | Straw Kit | 1 | |
| | Duration Tubes | 1 | |
| | Nose Clips | 1 | |
| | Water Tubes | 1 | |

| | | | |
|---|---|---|---|
| | Chew Flutes | 1 | |
| | The Chewwoodle | 1 | |
| 22000127/27-5-20 | Peg Board Set | 1 | 56575/- |
| | Medium Maze Chase | 1 | |
| | Tubing Set | 1 | |
| | Adl Dressing Frame Set | 1 | |
| | Stand In Stabilizer | 1 | |
| | Balancing Beam | 1 | |
| | Dynamic Set Pad | 1 | |
| | Balace Board | 1 | |
| | Plasticine Putty | 1 | |
| | Target Games | 1 | |
| 22000128/27-5-20 | Shoulder Wheel Portable | 1 | |
| | Shoulder Pully | 1 | |
| | Ankle Exerciser | 1 | 87941/- |
| | Hippo Therapy | 1 | |
| | Supinator & Pronetor | 1 | |
| 22000129/27-5-20 | Hasth | 1 | 194752/- |
| 22000130/27-5-20 | C P Chair | 1 | 33135/- |
| | Walker | 1 | |
| | Walking Stick | 1 | |
| | Tripod | 1 | |
| | Elbow Cruches | 1 | |
| | Commode Chair | 1 | |
| | | ആകെ | 834141/- |

ബഡ്സ് സ്കൂളിലേക്ക് മേൽപ്പറഞ്ഞ ഉപകരണങ്ങൾ കെൽട്രോണിൽ നിന്ന് നേരിട്ട് വാങ്ങുവാൻ 8-7-19 ലെ 15/4 നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ഭരണസമിതി അംഗീകാരം നല്കി. സ.ഉ.(എം എസ്)നം 25/2018/തസ്വഭവ തിരുവനന്തപുരം തിയ്യതി 22-2-2018 ലെ ഉത്തരവ് പ്രകാരമാണ് തെറാപ്യൂട്ടിക്ക് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. കോവിഡ് കാലയളവായ 2020-21 കാലയളവിൽ കുട്ടികൾ ബഡ്സ് സ്കൂളിൽ വരാത്ത സമയത്താണ് മേൽ പറഞ്ഞ തെറാപ്യൂട്ടിക്ക് ഉപകരണങ്ങൾ വാങ്ങിയത്. 25/6/2022 ന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി, ഐസിഡിഎസ് സൂപ്പർവൈസർ എന്നിവരുമായി ചേർന്ന് ഭൗതിക പരിശോധന നടത്തി. സ്കൂളിൽ കുട്ടികളുടെ അവസ്ഥാവിശേഷ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഉപകരണങ്ങൾ കുട്ടികളുടെ അവസ്ഥാവിശേഷറിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ് വാങ്ങിയതെന്ന രേഖ സ്കൂളിലില്ല. ഭൗതിക പരിശോധന സമയത്തും കുട്ടികൾ സ്കൂളിൽ വന്നിട്ടില്ല. നിലവിൽ വയോജനങ്ങളുടെ ഉപയോഗത്തിനായി നിർമ്മിച്ച പകൽവീട്ടിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. കൂടാതെ പ്രൊക്യൂർമെന്റ് കമ്മിറ്റി സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ചിട്ടില്ല. ഉപകരണങ്ങൾ പരിശോധിച്ചതിൽ കുട്ടികളുടെ സംസാരവൈകല്യം പരിഹരിക്കുന്നതിനാവശ്യമായ വാട്ടർഫ്ലൂട്ട്, സ്പൈറോമീറ്റർ, സ്ട്രോകിറ്റ്, ഡ്യൂറേഷൻ ട്യൂബ്, സൈഡ് വൈബ് ഫോർ സെൻസേഷൻ, ച്യൂന്യൂഡിൽ വിഗ്രോവർ, റൈറ്റ് ബെറ്റ് നോസ് ക്ളിപ്പ് എന്നിവ ഉപയോഗിച്ചിട്ടില്ല.

ടെഡ്മിൽ വളരെ അപൂർവ്വമായി മാത്രമാണ് ഉപയോഗിക്കുന്നതെന്ന് സ്കൂൾ ടീച്ചർ ഓഡിറ്റിനോട് വിശദീകരിക്കുകയുണ്ടായി. കൂടാതെ ഭൂരിഭാഗം ഉപകരണങ്ങളും ഉപയോഗിക്കാത്ത അവസ്ഥയിലുമാണ്.ആയതിന്റെ ചെലവ് വിവരങ്ങൾ പരിശോധിക്കുന്നതിനായി ബാങ്ക് സ്റ്റേറ്റ്മെന്റ് ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല.

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 16/30-6-2016 ക്ക് മറുപടി ലഭ്യമാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-16 ചാക്കുകൾ നിർമ്മിക്കാൻ അസംസ്കൃതവസ്തുക്കൾ വാങ്ങിയതിലെ അപാകതകൾ

മഴക്കാലപൂർവ്വശുചീകരണത്തിന്റെ ഭാഗമായുള്ള മാലിന്യശേഖരണത്തിനായി ചാക്കുകൾ നിർമ്മിക്കുന്നതിന് 200 മീറ്റർ ഷേഡ് നെറ്റ് വാങ്ങിയ വകയിൽ 6000/- രൂപ വൗച്ചർ നമ്പർ 22000160 /5-6-2020 പ്രകാരം വൈത്തിരി അസ്സോസിയേറ്റ്സിന് നല്കി. എന്നാൽ എത്ര ചാക്കുകൾ നിർമ്മിച്ച് മാലിന്യശേഖരണത്തിനായി ഉപയോഗപ്പെടുത്തി എന്നുള്ള വിവരം ഫയലിൽ ഇല്ല. അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 16/30-6-2022 ക്ക് മറുപടി ലഭ്യമാക്കിയില്ല.തുക തടസ്സം ചെയ്യുന്നു.

## 1-17 ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നല്കിയത് -അസ്സൽ രശീതി ഇല്ല

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് തനതുഫണ്ടിൽ നിന്ന് 200000/- രൂപ വൗച്ചർ നമ്പർ 22000220 /19-6-2020 പ്രകാരം നല്കി. എന്നാൽ ആയതിന്റെ അസ്സൽ രശീതി ഇല്ല. അസ്സൽ രശീതി ഓഡിറ്റിനായി ഹാജരാക്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 16/30-6-2022ക്ക് മറുപടി ലഭ്യമാക്കിയില്ല.തുക തടസ്സം ചെയ്യുന്നു.

## 1-18 എം.ബുക്കുകൾ സ്റ്റോക്കിലെടുത്തില്ല

മരാമത്ത് പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തുന്നതിനായി 25 പേജുള്ള 600 ബുക്കുകൾ, 20 പേജുള്ള 200 ബുക്കുകൾ വാങ്ങിയതിന്റെ തുകയായി 12370 രൂപ കോ ഓപ്പറേറ്റീവ് ഓഫ് സെറ്റ് പ്രസ്സിന് വൗച്ചർ നം 22000565/17-9020 പ്രകാരം നല്കി(ബിൽ നം 3251/13-8-20). ആയത് സ്റ്റോക്കിലെടുത്തിട്ടില്ല. അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 16/30-6-2022 ക്ക് മറുപടി ലഭ്യമാക്കിയില്ല. തുക തടസ്സം ചെയ്യുന്നു.

## 1-19 തെരുവുവിളക്കുകൾ സ്ഥാപിച്ചതിലെ അപാകതകൾ

പ്രോജക്ട് നമ്പർ-207/20-21

സ്പിൽ ഓവർ

പ്രോജക്ട്-തെരുവുവിളക്കുകൾ സ്ഥാപിക്കൽ

അടങ്കൽ-400000/-

ചെലവ്-400000/- ബിൽ നമ്പർ 20/11-11-2020

നിർവ്വഹണഉദ്യോഗസ്ഥൻ-സെക്രട്ടറി

പഞ്ചായത്തിലെ 13 വാർഡുകളിൽ സ്ഥാപിക്കുവാൻ വേണ്ടി താഴെപ്പറയും പ്രകാരമുള്ള സാധനങ്ങൾ ക്രൂസിൽ നിന്ന് വാങ്ങിയിട്ടുണ്ട്.

| ഇനം | ബിൽ നം/തിയ്യതി | എണ്ണം | തുക |
|---|---|---|---|
| 24 Watt LED Street Light A Version | 234/2-3-20 | 142 | 383969 |
| 24 Watt Street Light Luminary Manual With All Fitting Accessories Including Installation | 257/13-3-20 | 6 | 16031 |
| | | 148 | 400000/- |

മേൽ പറഞ്ഞവ സ്ഥാപിച്ചത് സംബന്ധിച്ച് വാർഡ് മെമ്പർമാർ ഇൻസ്റ്റലേഷൻ റിപ്പോർട്ട് നല്കിയിട്ടുണ്ട്. എന്നാൽ മേൽ സാമഗ്രികൾ ഘടിപ്പിച്ച വൈദ്യുതി പോസ്റ്റ് നമ്പർ ലഭ്യമാക്കിയിട്ടില്ല. തെരുവുവിളക്ക് രജിസ്റ്റർ 11/2019 ന് ശേഷം എഴുതി തയ്യാറാക്കിയില്ല. ആയതിനാൽ തെരുവ് വിളക്കുകൾ എവിടെല്ലാമാണ് സ്ഥാപിച്ചിട്ടുള്ളതെന്ന വിവരം ലഭ്യമല്ല. അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 17/30-6-2022 ക്ക് മറുപടി ലഭ്യമാക്കിയില്ല.തുക തടസ്സം ചെയ്യുന്നു.

## 1-20 കംപ്യൂട്ടറും അനുബന്ധസാമഗ്രികളുടെ എ.എം.സി-നടപടിക്രമങ്ങളിലെ അപാകതകൾ

പ്രോജക്ട് നമ്പർ-03/20-21

പ്രോജക്ട്-പഞ്ചായത്ത് ഓഫീസിലെയും,ഘടകസ്ഥാപനങ്ങളിലെയും യു.പി.എസ്, പ്രിന്റർ, കംപ്യൂട്ടർ എന്നിവയുടെ എ.എം.സി

അടങ്കൽ-96750/-

ചെലവ്-22000/- ബിൽ നമ്പർ 4/25-05-2020

ഫണ്ട് -പൊതുവിഭാഗം സാധാരണ വിഹിതം

നിർവ്വഹണഉദ്യോഗസ്ഥൻ-സെക്രട്ടറി

പഞ്ചായത്ത് ഓഫീസിലെയും,ഘടകസ്ഥാപനങ്ങളിലെയും യു.പി.എസ്,പ്രിന്റർ ,കംപ്യൂട്ടർ എന്നിവയുടെ എ.എം.സിക്കായി മൂന്ന് ടെണ്ടറുകൾ ലഭിച്ചതിൽ ഏറ്റവും കുറഞ്ഞ തുകയായ 22000 രൂപ ക്വാട്ട് ചെയ്ത ZENER ELECTRONICS മായി കരാർ 17-3-2021 ന് ഒപ്പിട്ടു. കരാറിൽ എ.എം.സി വച്ച സ്ഥാപനം യു.പി.എസ്,പ്രിന്റർ ,കംപ്യൂട്ടർ എന്നിവയുടെ പ്രിവന്റീവ് മെയിന്റനൻസ് ചെക്ക് അപ്പ് നടത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും ആയത് നടത്തിയതായി എ.എം.സി രജിസ്റ്ററിൽ കാണുന്നില്ല. അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 17/30-6-2022 ക്ക് മറുപടി ലഭ്യമാക്കിയില്ല.എ.എം.സി രജിസ്റ്ററിൽ പ്രിവന്റീവ് മെയിന്റനൻസ് ചെക്ക് അപ്പ് എന്ന കോളം കൂടി ചേർത്ത് പരിഷ്കരിക്കേണ്ടതാണ്.

## 1-21 സാധന പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അനുവാദമില്ലാതെ രക്ഷാപ്രവർത്തനങ്ങൾക്കായി സാധനങ്ങൾ വാങ്ങി.

രക്ഷാപ്രവർത്തനങ്ങൾക്കായി സാധനങ്ങൾ വാങ്ങിയത് പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ചിട്ടില്ല .

പ്രോജക്ട് നമ്പർ-208/20-21

പ്രോജക്ട്-രക്ഷാപ്രവർത്തനങ്ങൾക്ക് സാധനങ്ങൾ വാങ്ങലും അനുബന്ധചെലവുകളും

അടങ്കൽ-300000/-

ചെലവ്-68888/-

ഫണ്ട് - തനത് ഫണ്ട്

നിർവ്വഹണഉദ്യോഗസ്ഥൻ-സെക്രട്ടറി

പഞ്ചായത്ത് പരിധിയിലുള്ള പ്രദേശങ്ങളിൽ പ്രകൃതിക്ഷോഭങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾക്കായി താഴെപ്പറയും പ്രകാരമുള്ള ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ഇനം | എണ്ണം | തുക | ബിൽ നമ്പർ/തിയ്യതി |
|---|---|---|---|
| വുഡ് കട്ടർ | 1 | 21182 | KLP/135/20-21 /17-8-2020 |
| ലൈഫ് ജാക്കറ്റ് | 10 | 14910 | |
| നൈലോൺ കയർ | 96 KG | 23190.72 | |
| ഹെഡ് ലാംപ് | 5 | 9605 | |
| | ആകെ | 68888 | |

എന്നാൽ സാധനങ്ങൾ വാങ്ങുന്നതിന് പ്രൊക്യൂർകമ്മിറ്റി അനുവാദം നൽകിയിട്ടില്ല. അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 17/30-6-2022 ക്ക് മറുപടി ലഭ്യമാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-22 വിവിധ ഏജൻസികൾക്ക് തുക നല്കിയത് -വിനിയോഗവിവരങ്ങൾ ലഭ്യമല്ലാത്തതും മറ്റ് അപാകതകളും

| പ്രോജക്ട് വിവരങ്ങൾ | തുക | ബിൽനം/തിയ്യതി | അപാകത |
|---|---|---|---|

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ-121/20-21<br>പ്രോജക്ട്-എസ്.എസ്.എ.വിഹിതം-എസ്.സി.പി<br>അടങ്കൽ-417500/-<br>ചെലവ്-417500/- | 417500/- | 26/11-1-21 | വിനിയോഗവിവരം ലഭ്യമല്ല |
| പ്രോജക്ട് നമ്പർ-119/20-21<br>പ്രോജക്ട്-എസ്.എസ്.എ.വിഹിതം-പൊതുവിഭാഗം<br>അടങ്കൽ-200000/-<br>ചെലവ്-200000/- | 200000/- | 10/7-8-2020 | വിനിയോഗവിവരം ലഭ്യമല്ല |
| പ്രോജക്ട് നമ്പർ-122/20-21<br>പ്രോജക്ട്-എസ്.എസ്.എ.വിഹിതം-പട്ടികവർഗ്ഗവിഭാഗം<br>അടങ്കൽ-200000/-<br>ചെലവ്-200000/- | 200000/- | 9/7-8-2020 | വിനിയോഗവിവരം ലഭ്യമല്ല |
| പ്രോജക്ട് നമ്പർ-238/20-21<br>പ്രോജക്ട്-ഊരംകുന്ന് കുടിവെള്ള പദ്ധതി<br>പൊതുവിഭാഗം<br>അടങ്കൽ-736000/-<br>ചെലവ്-736000/- | 736000/- | 33/24-3-21 | ഊരംകുന്ന്-വയനാംകുന്ന് കോളനികളിലേക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പദ്ധതിക്കായി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തത്. പ്രവൃത്തിയുടെ നിലവിലെ അവസ്ഥ ലഭ്യമല്ല. |
| പ്രോജക്ട് നമ്പർ-2/20-21<br>പ്രോജക്ട്-എസ്.എസ്.എ.വിഹിതം-പൊതുവിഭാഗം<br>അടങ്കൽ-100000/-<br>ചെലവ്-100000/- | 100000/- | 12/13-8-2020 | വിനിയോഗവിവരം ലഭ്യമല്ല |
| പ്രോജക്ട് നമ്പർ-120/20-21<br>പ്രോജക്ട്-സമ്പൂർണ്ണ ഭവനവായ്പ പദ്ധതി<br>പൊതുവിഭാഗം<br>അടങ്കൽ-500000/-<br>ചെലവ്-500000/- | 500000/- | 15/21-8-20 | വായ്പ രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിച്ചിട്ടില്ല. ബാങ്ക് ലഭ്യമാക്കിയ ഡിമാന്റ് നോട്ടീസിൽ മുതൽ സംഖ്യ 30000000/- രൂപയും,പലിശ 998536 രൂപയും, ബാക്കി നിൽക്കുന്ന മുതൽ 12815498രൂപയുമാണ്.വായ്പാ |

| | | | |
|---|---|---|---|
| | | | രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ അടക്കുന്ന തുകയുടെ കൃത്യത അറിയുവാൻ കഴിയുന്നില്ല. |
| ആകെ | 2153500 | | |

മേൽ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 17/30-6-2022 ക്ക് മറുപടി ലഭ്യമാക്കിയില്ല.ചെലവ് തുകകൾ തടസ്സം ചെയ്യുന്നു.

## 1-23 ചെലവ് രേഖകൾ ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല.

| പ്രോജക്ട് വിവരങ്ങൾ | ചെലവ് വിശദാംശങ്ങൾ |
|---|---|
| പ്രോജക്ട് നമ്പർ-206/20-21<br>പ്രോജക്ട് -ഗ്രാമപഞ്ചായത്ത് ഓഫീസിലെയും ഘടക സ്ഥാപനങ്ങളിലെയും യു.പി.എസ്,പ്രിന്റർ,കംപ്യൂട്ടറുകൾ എന്നിവയുടെ എ.എം.സി<br>അടങ്കൽ-82000/-<br>ചെലവ്-82000/-<br>ഫണ്ട് -പൊതുവിഭാഗം | ബിൽ നം.5/25-5-20=60000/-<br>ബിൽ നം.4/25-5-20=22000/- |
| പ്രോജക്ട് നമ്പർ-1/20-21<br>പ്രോജക്ട് -പദ്ധതി രൂപീകരണവും നിർവ്വഹണവും ചെലവുകൾ<br>അടങ്കൽ-150000/-<br>ചെലവ്-100747/-<br>ഫണ്ട് -പൊതുവിഭാഗം | ബിൽ നം.7/14-7-20=12423/-<br>ബിൽ നം.1/13-8-20=12995/-<br>ബിൽ നം.17/15-9-20=16994/-<br>ബിൽ നം.25/11-1-21=40985/-<br>ബിൽ നം.27/11-1-21=17350/- |

ഫയലുകൾ ഹാജരാക്കുവാനായി റിക്വസിഷൻ നൽകിയതിനെ തുടർന്ന് ഫയലുകൾ ഹാജരാക്കിയെങ്കിലും എ.എം.സി യുമായി എഗ്രിമെന്റ് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ തുക തടസ്സം ചെയ്യുന്നു.

## 1-24 ഹെഡ് മാസ്റ്റർ- നിർവ്വഹണം -പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം ഇല്ലാതെ വാങ്ങലുകൾ നടത്തി

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെഡ് മാസ്റ്റർ

പ്രോജക്ട് നം 203/2020-21(എൽ.പി./യു.പി സ്കൂളുകൾക്ക് ഓഫീസ് ഫർണിച്ചർ )

അടങ്കൽ 400000/- രൂപ(ജനറൽ)

ചെലവ് 399828/- രൂപ, (ബിൽ No 2/20-21/ 13.1.20)

മേൽ തുക ഉപയോഗിച്ച് താഴെ പറയുന്ന ഫർണിച്ചര് വാങ്ങി ജി.യു.പി.എസ് പിണങ്ങോട് , ജി.എൽ.പി.എസ് അംബ എന്നീ സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്

വയനാട് ഹോൾസെയിൽ കോ. ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നാണ് ടെണ്ടർ

നടപടികളിലൂടെ ഫർണിച്ചർ വാങ്ങിയത്.

| | |
|---|---|
| 1) നീൽകമൽ ചെയർ | 232 എണ്ണം |
| 2)നീൽകമൽ ബേബിചെയർ | 42 എണ്ണം |
| 3)ടേബിൽ | 12 എണ്ണം |
| 4)ഡസ്ക്ക് | 35 എണ്ണം |
| 5)ബെഞ്ച് | 20 എണ്ണം |
| 6)സ്റ്റീൽ അലമാര | 9 എണ്ണം |
| 7)റാക്ക് | 8 എണ്ണം |

ജി.ഒ.(പി)259/10/എൽ.എസ്.ജി.ഡി Dtd 8.11.10 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന്റെ നടത്തിപ്പ് ചുമതല പ്രൊക്യൂർമെന്റ് കമ്മിറ്റിക്കാണ്. സമാഹരണം സംബന്ധിച്ചഎല്ലാ നടപടി ക്രമങ്ങളും പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിക്കേണ്ടതാണ്.

എന്നാൽ മേൽ നടപടിക്രമങ്ങൾ മേൽ പദ്ധതിയിൽ പാലിച്ചിട്ടില്ല.മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്

## 1-25 മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) - നിർവ്വഹണം- പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം ഇല്ലാതെ വാങ്ങലുകൾ നടത്തി

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ എഫ് എച്ച് സി പൊഴുതന

പ്രോജക്ട് നം 9/2020-21(ആശുപത്രിയിലേക്ക് ഫർണിച്ചർ )

അടങ്കൽ 477000/- രൂപ( മെയിന്റനനസ് ഗ്രാന്റ് നോൺ റോഡ്)

ചെലവ് 473714/- രൂപ, (ബിൽ നം. 24/20-21/25.9.20)

മേൽ തുക ഉപയോഗിച്ച് താഴെ പറയുന്ന ഫർണിച്ചർ എഫ് എച്ച് സി പൊഴുതനയിലേക്ക് വാങ്ങി .

റബ്കോയിൽ നിന്നാണ് ഫർണിച്ചര് നേരിട്ട് വാങ്ങിയത്.

| | |
|---|---|
| 1) ഡയസ് ടേബിൾ | 1 No |
| 2)സീനിയർ എക്സിക്യൂട്ടീവ് ചെയർ | 2 No |
| 3) എക്സിക്യൂട്ടീവ് ചെയർ | 8 No |
| 4) എക്സിക്യൂട്ടീവ് വിസിറ്റർ ചെയർ | 5 No |
| 5)വുഡൻ ചെയർ | 29 No |
| 6)കോൺഫെറൻസ് ടേബിൾ | 3 No |
| 7)സ്റ്റോറേജ് ഷെൽഫ് | 1 |
| 8) ഡിസ്പ്ല ഷെൽഫ് | 1 |
| 9)ഓപ്പൺ റാക്ക് | 1 |

ജി.ഒ. (പി) 259/10/എൽ.എസ്.ജി.ഡി തിയതി 8.11.10 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന്റെ നടത്തിപ്പ് ചുമതല പ്രൊക്യൂർമെന്റ് കമ്മിറ്റിക്കാണ്. സമാഹരണം സംബന്ധിച്ച എല്ലാ നടപടി

ക്രമങ്ങളും പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിക്കേണ്ടതാണ്. എന്നാൽ മേൽ നടപടിക്രമങ്ങൾ മേൽ പദ്ധതിയിൽ പാലിച്ചിട്ടില്ല.മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്

## 1-26 വെറ്റിനറി സർജൻ -നിർവ്വഹണം പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം ഇല്ലാതെ വാങ്ങലുകൾ നടത്തി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ പൊഴുതന

1)പ്രോജക്റ്റ് നം 151/2020-21(പട്ടിക വർഗ്ഗ വനിത ഗ്രൂപ്പകൾക്ക് പശു വിതരണ പദ്ധതി )

അടങ്കൽ 1200000/- രൂപ( ടി.എസ്.പി)

ചെലവ് 6,00,000/- രൂപ
(ബിൽ നം. 8/20-21 /4. 6.20)

2)പ്രോജക്റ്റ് നം 225/2020-21(പട്ടിക ജാതി കറവ പശു വിതരണ പദ്ധതി )

അടങ്കൽ 1020000/- രൂപ( ടി.എസ്.പി)

ചെലവ് 5,40,000/- രൂപ
(ബിൽ നം. 19/20-21 /17.7.20)

3)പ്രോജക്റ്റ് നം 225/2020-21(പട്ടിക വർഗ്ഗ കറവ പശു വിതരണ പദ്ധതി )

അടങ്കൽ 3360000/- രൂപ( ടി.എസ്.പി)

ചെലവ് 2340000/- രൂപ
(ബിൽ നം. 36/20-21 /25.11.20)

ജി.ഒ. (എം.എസ്) 22/18/എൽ.എസ്.ജി.ഡി തിയതി 14.2.2018 പ്രകാരമുള്ള സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം കറവ പശു വിതരണ പദ്ധതി നടപ്പിലാക്കുമ്പോൾ പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രത്യേകം രൂപീകരിക്കണം. പർച്ചേസ് കമ്മിറ്റി നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ട് ഗുണഭോക്താക്കളിൽ നിന്നുള്ള അഞ്ച് പേർ കൂടി ഉൾപ്പെടുന്ന സമിതി ആയിരിക്കണം വാങ്ങൽ നടത്തേണ്ടത്.സമാഹരണം സംബന്ധിച്ചഎല്ലാ നടപടി ക്രമങ്ങളും പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിക്കേണ്ടതാണ്.

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ വാങ്ങലുകൾക്ക് വേണ്ടി പർച്ചേസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.എന്നാൽ സമാഹരണം സംബന്ധിച്ചഎല്ലാ നടപടി ക്രമങ്ങളും പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചതായി കാണുന്നില്ല.മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-27 കൃഷി ഓഫീസര ഗുണഭോക്തൃ സമിതി ലിസ്റ്റ് തയ്യാറാക്കാതെ പ്രോജക്റ്റ് നടപ്പിലാക്കി.

നിർവ്വഹണ ഉദ്യോഗസ്ഥൻ -കൃഷി ഓഫീസർ

പ്രോജക്റ്റ് നം 230/2020-21(ഫലവൃക്ഷ തൈ വിതരണം )

അടങ്കൽ 160000/- രൂപ( ജനറൽ)

ചെലവ് 82135/- രൂപ, (ബിൽ നം. 4/20-21/ 15.3.22)

മേൽ തുക ഉപയോഗിച്ച് താഴെ പറയുന്ന ഫലവൃക്ഷ തൈകൾ വാങ്ങി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. വി.എ.പി.സി.കെ, ആർ.എ.ആർ.എസ്. അമ്പലവയൽ എന്നീ സ്ഥാപനങ്ങളിൽ നിന്നാണ് ഫലവൃക്ഷ തൈകൾ വാങ്ങിയത്.

| ഇനം | എണ്ണം | വില(രൂപ) |
|---|---|---|
| 1)ഫാഷൻ ഫ്രൂട്ട് | 650 | 11700 |
| 2)ചാമ്പക്ക | 685 | 10275 |
| 3)പപ്പായ | 764 | 30560 |
| 4)മുരിങ്ങ | 380 | 9500 |
| 5)നാരങ്ങ | 380 | 4560 |

| | | |
|---|---|---|
| 6)വെണ്ണപ്പഴം | 650 | 11700 |
| 7)പേരക്ക | 384 | 3840 |
| ആകെ | | 82135 |

മേൽ പദ്ധതി ഗുണഭോക്തൃ സമിതി ലിസ്റ്റ് തയ്യാറാക്കാതെ ആണ് പദ്ധതി നടപ്പിലാക്കിയത്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള നടപടി ക്രമങ്ങൾ നിർദ്ദേശങ്ങൾ ജി.ഒ. (ആർ.ടി.)നം./794/2020 എൽ.എസ്.ജി.ഡി തിയതി 29.4.20 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. നെൽകൃഷി, പച്ചക്കറി കൃഷി തുടങ്ങിയ ആവർത്തന സ്വഭാവമുള്ള പ്രോജക്റ്റുകളുടെ കാര്യത്തിൽ മുൻവർഷത്തെ ഗുണഭോക്തൃ പട്ടിക അടിസ്ഥാനത്തിൽ അതിൽ ഒഴിവാക്കലും കൂട്ടിചേർക്കലും നടത്തി ഗുണഭോക്തൃ പട്ടിക തയ്യാറാക്കാം. ആവർത്തന സ്വഭാവം ഇല്ലാത്ത പ്രോജക്റ്റുകളുടെ കാര്യത്തിൽ പുതുതായി അപേക്ഷ സ്വീകരിച്ച് ഗുണഭോക്തൃ പട്ടിക തയ്യാറാക്കാവുന്നതാണ്. കരട് മുൻഗണന പട്ടിക സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിക്കേണ്ടതാണ്. ഗുണഭോക്തൃ പട്ടിക നോട്ടീസ് ബോർഡിലും വെബ് സൈറ്റിലും നവമാധ്യമങ്ങളിലും പ്രസിദ്ധീകരിക്കേണ്ടതും നിർവ്വഹണം ആരംഭിക്കാവുന്നതുമാണ്. ഗുണഭോക്തൃ പട്ടിക ആദ്യം ചേരുന്ന ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്. മേൽ നടപടിക്രമങ്ങൾ മേൽ പദ്ധതിയിൽ പാലിച്ചിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 1-28 മരാമത്ത് പ്രവൃത്തികളുടെ രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികളുടെ രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പിലെ ന്യൂനതകൾ താഴെ പറയുന്നു.

1) റോഡ് രജിസ്റ്റർ, കണക്ടിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3) ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്ററും സെയ്ൽസ് രജിസ്റ്ററും എഴുതി സൂക്ഷിച്ചിട്ടില്ല.

4) അളവ് പുസ്തകത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

5) വർക്ക് ഫയലുകളോടോപ്പം നോട്ട് ഫയൽ ഇല്ല.

6)ഫയലിന് പേജ് നമ്പർ നൽകിയിട്ടില്ല. ടെണ്ടർ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെയും ടെണ്ടർ നോട്ടീസ് ഇല്ല. ടെണ്ടറുകളുടെ താരതമ്യ പത്രികയില്ല. റീടെണ്ടറുകൾ നടത്തിയവയുടെ കാര്യത്തിൽ മുമ്പ് നടത്തിയ ടെണ്ടറിന്റെ വിവരമില്ല. സെലക്ഷൻ നോട്ടീസ്, വർക്ക് ഓഡർ, സൈറ്റ് കൈമാറിയതിന്റെ രേഖ എന്നിവ പല ഫയലിലും ഇല്ല.

7) കരാറുടമ്പടികളിൽ പലതിലും പൂർത്തികരണ തീയതി രേഖപ്പെടുത്തിയിട്ടില്ല.

8) ക്യാഷ് ബുക്ക് അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടല്ല. ക്യാഷ് ബുക്കിൽ പല ചെലവുകളും രേഖപ്പെടുത്തിയിട്ടില്ല (ഉദാ: ട്രഷറി ബിൽ നം. 27/20-21, 28.05.20). പല രേഖപ്പടുത്തലുകളും തെറ്റാണ് (ഉദാ: ബിൽ നം. 39/20-21, 28.08.2020 തുക ₹117113/- ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് ₹42134/- എന്നാണ്).

9) മരാമത്ത് പ്രവൃത്തികളുടെ കരാറുടമ്പടികൾ പി.ഡബ്ല്യൂ. മാന്വൽ പ്രകാരമല്ല തയ്യാറാക്കിയിട്ടുള്ളത് (പൂർത്തീകരണ സമയം സംബന്ധിച്ച വ്യവസ്ഥകാണുക).

10) ഒരു കെട്ടിടത്തിലെ വിവിധ മരാമത്ത് പ്രവൃത്തികൾ ചെയ്യുന്നതിന് ഒരു വർഷം തന്നെ പല പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. ആയത് പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഉദാ: ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലെ വിവധ മരാമത്ത് പ്രവൃത്തികൾ ചെയ്യുന്നതിന് താഴെ പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

എ) എസ്.0190/20, പഞ്ചായത്ത് ഓഫീസ് നവീകരണം.

ബി) എസ്.0185/20, പഞ്ചായത്ത് മിനി ഹാൾ നവീകരണം.

സി) എസ്.0217/20, അസി. എഞ്ചിനീയറുടെ ഓഫീസിൽ റാക്ക് അനുബന്ധ സൗകര്യം.

ഡി) എസ്.0214/20, പഞ്ചായത്ത് ഓഫീസ് ശുചിമുറി.

ഓഡിറ്റ് എൻക്വയറി നം. 24/2020-21/ 30.03.2022 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പിലെ ന്യൂനതകൾ ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടികാട്ടിയിട്ടുള്ളതാണ് (ഉദാ: 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നമ്പർ 3-3 കാണുക). എന്നാൽ ഇപ്പോഴും പ്രസ്തുത അപാകതകൾ തുടരുന്നത് ഗുരുതരമായ കൃത്യവിലോപമായിട്ടാണ് ഓഡിറ്റ് വിലയിരുത്തുന്നത്. പ്രസ്തുത വിഷയത്തില്ക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യുന്നു.

## 1-29 ഊരംകുന്ന് വനിതാ ഉൽപ്പന്ന വിപണന കേന്ദ്രത്തിന് ചുറ്റുമതിൽ - പ്രവൃത്തി ചെയ്യുന്നതിന് മുമ്പ് മുൻകൂറായി തുക നൽകി.

ഊരംകുന്ന് വനിതാ ഉൽപ്പന്ന വിപണന കേന്ദ്രത്തിന് ചുറ്റുമതിൽ എന്ന പ്രവൃത്തിക്ക് മുൻകൂറായി തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്. 0131/21 (24/20) |
| അടങ്കൽ | ₹4,00,000/- (വികസന ഫണ്ട് ടി.എസ്.പി.) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| ചെലവ്, വൗച്ചർ നം./ട്രഷറി ബിൽ നം., തീയതി | ₹79691/-, (Bill No. 10/20-21, 20.04.2020)<br>₹2,62,418/-(Bill No. 79/20-21, 18.03.2021)<br>ആകെ: ₹3,42,109/- |
| കരാർ നമ്പർ, തീയതി | 33/20, 17.01.2020 (രേഖപ്പെടുത്തലുകൾ ഇല്ലാത്ത കരാറുകാരൻ മാത്രം ഒപ്പിട്ട മുദ്രപത്രമാണ് സൂക്ഷിച്ചിട്ടുള്ളത്.) |
| കരാറുകാരാൻ | ശ്രീ. വി. ഗംഗാധരൻ |
| അളവ് പുസ്തകത്തിന്റെ നമ്പർ | 1) 501/19-20 (പേജുകൾ 1-25)<br>2) 63/20-21 (പേജുകൾ 1-12) |
| പ്രവൃത്തി മൂല്യം | ₹305454.08/- |

അളവ് പുസ്തക പ്രകാരം 17.03.2020 (MB No. 501, Page No. 01) നാണ് പ്രവൃത്തി ആരംഭിച്ചിട്ടുള്ളത്. 17.03.2020 മുതൽ 19.03.2020 വരെ തീയതികളിലായി ആയി എസ്റ്റിമേറ്റ് പ്രകാരമുള്ള രണ്ട് ഇനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ആയതിന്റെ ആകെ പ്രവൃത്തി മൂല്യം ₹24974.59 ആണ്. ആയതിന് ശേഷം 03.11.2020 നാണ് പ്രവൃത്തി ആരംഭിച്ചിട്ടുള്ളത് (MB No. 501, Page No. 01, 02, 03). എന്നാൽ 20.04.2020 -ന് പ്രസ്തുത പ്രവൃത്തിക്ക് ₹79691/- അനുവദിച്ചിട്ടുണ്ട്. ബിൽ തയ്യാറാക്കാതെയാണ് തുക അനുവദിച്ചത്. 08.03.2021 - നാണ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത് (MB No. 501, Page No. 22). 18.03.2021 -ന് പ്രവൃത്തിയുടെ ബിൽ തുക അനുവദിച്ചപ്പോൾ മുമ്പ് കൊടുത്ത ₹79691/- കുറച്ച് ബാക്കി തുകയാണ് നൽകിയിട്ടുള്ളത്.

ന്യൂനതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/2020-21/29.06.2022 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമത്തിൽ ടെണ്ടർ പ്രകാരം നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തിക്ക് മുൻകൂറായി തുക നൽകാൻ വ്യവസ്ഥ ചെയ്തിട്ടില്ല. കൂടാതെ സ.ഉ. (പി) നം. 177/2006/ധന, തീയതി 12.04.2006 ഖണ്ഡിക 6.1 -അനുസരിച്ച് ഭാവിയിൽ ചെലവ് വരുന്നത് പ്രതീക്ഷിച്ച് മുൻകൂറായി ഫണ്ട് പിൻവലിക്കാൻ പാടില്ലാത്തതാണ്. 04.10.2011 ലെ ജി.ഒ.(പി)419/2011/ധനം അനുസരിച്ച് അനർഹമായ അഡ്വാൻസ് തുകകൾ 18% പലിശ സഹിതം തിരിച്ചു പിടിക്കേണ്ടതാണ്. ആയതനുസരിച്ച് മുൻകൂറായി തുക അനുവദിച്ച തീയതി മുതൽ പ്രവൃത്തിയുടെ ബിൽ തുക അനുവദിച്ച തീയതി വരെ പ്രതിവർഷം 18% നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്. ആയത് പ്രകാരം 20.04.2020 മതൽ 18.03.2021 വരെ കാലയളവിലേക്ക് ₹79691/- യുടെ 18% നിരക്കിൽ ₹13,047/- (79691 X (332/365) X (18/100) ) പലിശ നിർവ്വഹണ ഉദ്യോഗസ്ഥൻ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-30 അസി. എഞ്ചിനീയരുടെ ഓഫീസിൽ റാക്ക് അനുബന്ധ സൗകര്യം - കരാറുടമ്പടി ചമയ്ക്കുന്നതിന് മുമ്പ് കരാറുകാരന് തുക നൽകി.

അസി. എഞ്ചിനീയരുടെ ഓഫീസിൽ റാക്ക് അനുബന്ധ സൗകര്യം എന്ന പ്രോജക്റ്റിന്റെ കരാറുടമ്പടിവെക്കുന്നതിന് മുമ്പ് പ്രവൃത്തി ആരംഭിക്കുകയും ചെയ്ത പ്രവൃത്തികളുടെ അളവുകൾ അസി. എക്സി. എഞ്ചിനീയർ പരിശോധിക്കുകയും പാർട്ട് ബിൽ അംഗീകരിക്കുകയും ചെയ്യുന്നതിനുമുമ്പ് പാർട്ട ബിൽ തുക അനുവദിച്ചു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്. 0199/21 (217/20) |
| അടങ്കൽ | ₹1,75,000/- (സംരക്ഷണ ഗ്രാന്റ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| ചെലവ്, വൗച്ചർ നം./ട്രഷറി ബിൽ നം., തീയതി | ₹42,134/-, (Bill No. 45/19-20, 30.03.2020)<br>₹1,17,113/-(Bill No. 39/20-21, 28.08.2020) |

| | |
|---|---|
| | ആകെ: ₹159247/- |
| കരാർ നമ്പർ, തീയതി | 69/20, 31.03.2020 (എഗ്രിമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല) |
| കരാറുകാരാൻ | ശ്രീ. അബ്ദുൾ സലാം എം. പി. |
| അളവ് പുസ്തകത്തിന്റെ നമ്പർ | 1) 502/19-20 (പേജുകൾ 1-25)<br>2) 24/20-21 (പേജുകൾ 1-7) |
| പ്രവൃത്തി മൂല്യം | ₹159247/- |

31.03.2020 നാണ് പ്രസ്തുത പ്രവൃത്തിയുടെ കരാറുടമ്പടിവെച്ചിട്ടുള്ളത്. വർക്ക് ഓഡർ നൽകിയതും സൈറ്റ് കൈമാറിയതും അതേ തീയതിയിൽ തന്നെയാണ്. എന്നാൽ 30.03.2020 -ന് പ്രസ്തുത പ്രവൃത്തിയുടെ അളവുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ അന്നേ ദിവസം തന്നെ പാർട്ട് ബിൽ തുക അനുവദിക്കുകയും ചെയ്തു (MB No. 502, PageNo. 01). പ്രസ്തുത അളവുകൾ 16.04.2020 (MB No. 502, Page No. 05) നാണ് എ.എക്സി. എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിട്ടുള്ളത്. 18.05.2020 (MB No. 502, Page No. 06) നാണ് പാർട്ട് ബിൽ മേൽപറഞ്ഞ ഉദ്യോഗസ്ഥൻ അംഗീകരിച്ചിട്ടുള്ളത്. കരാറുടമ്പടിവെക്കുന്നതിനും അളവുകളും പാർട്ട് ബില്ലും അംഗീകരിക്കുന്നതിനും മുമ്പാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ പേയിമെന്റ് നടത്തിയിട്ടുള്ളത്.

ന്യൂനതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/2020-21/29.06.2022 -ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിന്റെ ഈ വർഷത്തെ ചെലവ് തുക ₹1,17,113/- ഓഡിറ്റ് തടസത്തിൽ വയ്ക്കുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-31 കോസ്റ്റ് ഇൻഡക്സ് വ്യതിയാനവും നിരക്കിലെ വ്യത്യാസവും - കരാറുകാർക്ക് അധിക തുക നൽകി.

മരാമത്ത് പ്രവൃത്തികളുടെ കോസ്റ്റ് ഇൻഡക്സ് 26.03.2019 സർക്കാർ പുതുക്കിയിട്ടുണ്ട്. ആയത് അനുസരിച്ച് വയനാട് ജില്ലയുടെ കോസ്റ്റ് ഇൻഡക്സ് 138.24% നിന്നും 132.04% ആയി കുറച്ചിട്ടുണ്ട്. ആയതിന് പുറമേ ചില നിർമ്മാണ വസ്തുക്കളുടെ നിരക്കിലും വ്യത്യാസമുണ്ടായിട്ടുണ്ട്. ഉഭയകക്ഷി കരാർ പ്രകാരം കരാറുകാരൻ ഏറ്റെടുത്തിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികൾ കരാറുടമ്പടി പ്രകാരം ആരംഭിക്കേണ്ട സമയത്ത് (കരാറുടമ്പടിയിലെ 6ാം വ്യവസ്ഥ പ്രകാരം കരാറുടമ്പടിവെച്ച് ഇരുപത് ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കേണ്ടതാണ്) ആരംഭിച്ചിട്ടില്ല. കോസ്റ്റ് ഇൻഡക്സ് പരിഷ്കരിച്ചതിന് ശേഷം പ്രവൃത്തി ആരംഭിച്ച് പൂർത്തിയാക്കിയ പ്രസ്തുത പ്രവൃത്തികളുടെ കരാറുകാർക്കെതിരെ കരാർ ലംഘനം നടത്തിയതിന് കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2116.1-ാം വകുപ്പ് അനുസരിച്ച് നിയമ നടപടികൾ സ്വീകരിച്ച് പ്രവൃത്തികൾ റീടെണ്ടർ നടത്തേണ്ടതായിരുന്നു. എന്നാൽ റീടെണ്ടർ നടത്തിയില്ല എന്നുമാത്രമല്ല നിരക്കുകളിൽ വന്ന വ്യതിയാനത്തിന് അനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യത് കരാർ പുതുക്കാതെ പ്രവൃത്തി പൂർത്തിയാക്കാൻ അനുവദിക്കുകയും അധിക തുക നൽകുകയും ചെയ്തു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

### 1-31-1 വേങ്ങാനം ഭ്രദാനം കോളനി റോഡ് ടാറിങ്ങ്

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0163/21 |
| അടങ്കൽ & ഫണ്ട് | ₹15,00,000/-(വികസന ഫണ്ട്) |
| ചെലവ് | ₹14,99,237/- (CBV No. 03/08, 18.08.2020; ട്രഷറി ബിൽ നം. 33/20-21, 18.08.2020 )] |
| കരാർ നമ്പർ & തീയതി | 45/2018-19, 22.11.2018 |
| കരാറുകാരൻ | ശ്രീ. കെ. ഗംഗാധരൻ |
| അളവ് പുസ്തക നമ്പർ | 1)448/18-19 (പേജ് നം. 1-25)<br>2)470/18-19 (പേജ് നം. 1-6) |
| പൂർത്തിയാക്കേണ്ടിയിരുന്ന തീയതി | 31.03.2019 |
| പ്രവൃത്തി ആരംഭിച്ച തീയതി | 16.01.2020 (MB:448/18-19 (പേജ് നം. 1) |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 18.02.2020 (MB: 448/18-19 (പേജ് നം. 20) |
| കോസ്റ്റ് ഇൻഡക്സ് (എസ്റ്റിമേറ്റ് ) | 38.24% |
| പി.എ.സി | ₹14,92,857.65 |

| ക്രമ | പ്രവൃത്തിയിനം | ചെയ്തു | അനുവദിച്ചത് | അനുവദനീയമായത് |
|---|---|---|---|---|

| നം. | | അളവ് | | | (കോസ്റ്റ് ഇൻഡക്സ് 32.04% പ്രകാരം) | |
|---|---|---|---|---|---|---|
| | | | നിരക്ക് | തുക (3x4) | നിരക്ക് | തുക (3x6) |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 4.11.2 Granular Sub Base | 33.620 | 2141.77 | 72006.31 | 2046.61 | 68807.03 |
| 2 | 3.2 Foundation For Embarkment | 486.000 | 8.75 | 4252.50 | 8.36 | 4062.96 |
| 3 | 4.9 WMM | 87.450 | 3005.97 | 262872.08 | 2873.84 | 251317.31 |
| 4 | 75.5.1.1pb Prime Coat | 973.050 | 75.49 | 73455.54 | 58.39 | 56816.39 |
| 5 | 75.5.2.3pb Tack Coat | 973.050 | 14.11 | 13739.74 | 13.39 | 13029.14 |
| 6 | 75.5.5.B.2bp Modified Penetration Macadam | 294.400 | 342.74 | 100899.71 | 326.36 | 96080.34 |
| 7 | 75.5.2.1pb Tack Coat | 2777.150 | 11.78 | 32718.95 | 11.15 | 30965.22 |
| 8 | 75.5.9.1.2pb Premix Carpet | 3750.550 | 166.39 | 624054.01 | 158.06 | 592811.93 |
| 10 | 75.5.12.A.1.2pb Seal Coat | 3750.000 | 82.27 | 308512.50 | 78.01 | 292537.50 |
| 11 | 3.7 Prepration Of Foundation For Embankment | 206.428 | 32.63 | 6735.75 | 29.86 | 6163.94 |
| | ആകെ | | | 1499254.76 | | 1412591.76 |

അധികം അനുവദിച്ച തുക 14,92,857.65 - 1412591.76 = ₹80265.98

=₹80266/-

(കരാർ തുകയിൽ ചെലവ് പരിമിതപ്പെടുത്താത്തതിനാൽ മേൽ പറഞ്ഞതിന് പുറമേ ₹6379/- യുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ : 1-35 കാണുക)

കരാറുടമ്പടി പ്രകാരം 2018-19 വർഷത്തിൽ പൂർത്തിയാക്കേണ്ട പ്രവൃത്തയായിരുന്നു. 2020-21 വർഷത്തിലാണ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളതിനാൽ 2018-19, 2019-20 വർഷങ്ങളിൽ ഈ പ്രോജക്ടുമായി വകയിരുത്തിയ തുക ലാപ്സായി ഗ്രാമപഞ്ചായത്തിന് വൻ നഷ്ടം ഉണ്ടായിട്ടുണ്ട്. ആയതിന് പുറമേ യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്നും പിഴയും ഈടാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 21/20-21, തീയതി 30/06/2022 -ന് മറിപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹14,99,237/- ഓഡിറ്റ് തടസത്തിൽ വെയ്ക്കുന്നു. ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം ₹80266/- യും പിഴത്തുകയും കണക്കാക്കി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-31-2 കാപ്പാട്ടുകുന്ന് റീടാറിംഗ്

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0129/21 |
| അടങ്കൽ & ഫണ്ട് | ₹9,00,000/-(സംരക്ഷണ ഫണ്ട്) |
| ചെലവ് | ₹6,83,688/- (ട്രഷറി ബിൽ നം. 27/20-21, 28.05.2020 )] |

| | |
|---|---|
| കരാർ നമ്പർ & തീയതി | 57A/2018-19, 24.02.2019 |
| കരാറുകാരൻ | ശ്രീ. വി.പി. സെയ്തലവി |
| അളവ് പുസ്തക നമ്പർ | 477/18-19 (പേജ് നം. 1-13) |
| പൂർത്തിയാക്കേണ്ടിയിരുന്ന തീയതി | 31.03.2019 (കരാറുടമ്പടിയിൽ പൂർത്തികരണ തീയതി രേഖപ്പെടുത്തിയിട്ടില്ല. 2018-19 വർഷത്തെ ഏക വർഷ പ്രോജക്ടാണ്) |
| പ്രവൃത്തി ആരംഭിച്ച തീയതി | 10.02.2020 (MB:477/18-19 (പേജ് നം. 1) |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 19.02.2020 |
| കോസ്റ്റ് ഇൻഡക്സ് (എസ്റ്റിമേറ്റ് ) | 38.24% |
| പി.എ.സി | ₹898882/- |

| ക്രമ നം. | പ്രവൃത്തിയിനം | ചെയ്ത അളവ് | അനുവദിച്ചത് | | അനുവദനീയമായത് (കോസ്റ്റ് ഇൻഡക്സ് 32.04% പ്രകാരം) | |
|---|---|---|---|---|---|---|
| | | | നിരക്ക് | തുക (3x4) | നിരക്ക് | തുക (3x6) |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 4.9 WMM | 92.990 | 3005.97 | 279525.15 | 2873.84 | 267238.38 |
| 2 | 75.5.1.1pb Prime Coat | 1194.830 | 75.49 | 90197.72 | 58.39 | 69766.12 |
| 3 | 75.5.2.3pb Tack Coat | 1194.830 | 14.11 | 16859.05 | 13.39 | 15998.77 |
| 4 | 75.5.9.1.2pb Premix Carpet | 1194.830 | 166.39 | 198807.76 | 158.06 | 188854.83 |
| 5 | 75.5.12.A.1.2pb Seal Coat | 1194.830 | 82.27 | 98298.66 | 78.01 | 93208.69 |
| | ആകെ | | | 683688.35 | | 635066.79 |

അധികം അനുവദിച്ച തുക : 683688.35 - 635066.79 = ₹48621.56/-

= ₹48622/-

2018-19 വർഷം പൂർത്തിയാക്കേണ്ടിയിരുന്ന പ്രവൃത്തി 2020-21 വർഷത്തിലാണ് പൂർത്തിയാക്കിയിട്ടുള്ളതെന്നതുകൊണ്ട് 2018-19, 2019-20 വർഷങ്ങളിലും ഈ പ്രോജക്ടിന് വേണ്ടി വകയിരുത്തിയിരുന്ന തുക ലാപ്സായി ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്. ആയതിനു പുറമേ യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്നും പിഴയും ഈടാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 21/20-21, തീയതി 30/06/2022 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹6,83,688/- ഓഡിറ്റ് തടസത്തിൽ വെയ്ക്കുന്നു. ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം ₹48622/-യും പിഴത്തുകയും കണക്കാക്കി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-31-3 അച്ചൂർ 10-ാം നമ്പർ റോഡ് കോൺക്രീറ്റ്

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0128/21 |
| അടങ്കൽ & ഫണ്ട് | ₹3,00,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹2,98,699/- (CBV No. 06/05, 14.05.2020; ട്രഷറി ബിൽ നം. 22/20-21, 4.05.2020) |
| കരാർ നമ്പർ & തീയതി | 03/18-19, 06.08.2018 |
| കരാറുകാരൻ | ശ്രീ. ഉബൈദ് പി. |
| അളവ് പുസ്തക നമ്പർ | 469/18-19(പേജികൾ 1-13) |

| | |
|---|---|
| പൂർത്തിയാക്കേണ്ടിയിരുന്ന തീയതി | 31.03.2019 |
| പ്രവൃത്തി ആരംഭിച്ച തീയതി | 09.12.2019 (MB No. 469/18-19, Page No.1) |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 18.08.2020 (MB No. 469/18-19, Page No.4) |
| കോസ്റ്റ് ഇൻഡക്സ് (എസ്റ്റിമേറ്റ് ) | 38.24% |
| പി.എ.സി | ₹298699/- |

| ക്രമ നം. | പ്രവൃത്തിയിനം | ചെയ്ത അളവ് | അനുവദിച്ചത് | | അനുവദനീയമായത് (കോസ്റ്റ് ഇൻഡക്സ് 32.04% പ്രകാരം) | |
|---|---|---|---|---|---|---|
| | | | നിരക്ക് | തുക (3x4) | നിരക്ക് | തുക (3x6) |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | Not Executed | | | | | |
| 2 | Not Executed | | | | 1 | |
| | 50.2.26.1 Filling With Contractors Earth | 12.90 | 275.44 | 3553.18 | 263.09 | 3393.86 |
| | Not Executed | | | | | |
| | Not Executed | | | | | |
| | 51.2.3 Quary Muck | 5.16 | 892.1 | 4603.24 | 891.16 | 4598.39 |
| 3 | 4.1.8 CC 1:4:8 | 24.51 | 6190.59 | 151731.36 | 5912.95 | 144926.4 |
| 4 | 4.1.3 CC 1:2:4 | 18.375 | 7578.25 | 139250.34 | 7238.37 | 133005.05 |
| | ആകെ | | | 299138.12 | | 285923.7 |

ചെലവ് തുക ബി.ഒ.ക്യൂ - വിൽ പരിമിതപ്പെടുത്തിയിട്ടുണ്ട്.

അധികം നൽകിയതുക = 298699 - 285923.7 = 12775.3

= ₹12775/-

മേൽ പറഞ്ഞതിന് പുറമേ പ്രവൃത്തികൾ യഥാവർഷം പൂർത്തിയാക്കാത്തതിനാൽ ഫണ്ട് ലാപ്സാകുന്നതിനും ഇടയായിട്ടുണ്ട്. യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാറിൽ നിന്നും പിഴയും ഈടാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 21/20-21, തീയതി 30/06/2022 -ന് മറിപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹2,98,699/- ഓഡിറ്റ് തടസത്തിൽ വെയ്ക്കുന്നു. ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം ₹12775/- യും പിഴ തുകയും കണക്കാക്കി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-32 4, 5 കോളനി കുടിവെള്ള ടാങ്ക്, പൈപ്പ് ലൈൻ സ്ഥാപിക്കൽ, മോട്ടോർ സ്ഥാപിക്കൽ - എസ്റ്റിമേറ്റ് റികാസ്റ്റ് ചെയ്യാത്തതിനാൽ അധിക ചെലവ്.

14.06.2019 - നാണ് 4, 5 കോളനി കുടിവെള്ള ടാങ്ക്, പൈപ്പ് ലൈൻ സ്ഥാപിക്കൽ, മോട്ടോർ സ്ഥാപിക്കൽ എന്ന പ്രവൃത്തിയുടെ കരാറുടമ്പടിവെച്ചിട്ടുള്ളത്. 23.07.2018 ന് സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റ് (EST No. 2018/108514) പ്രകാരമാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത എസ്റ്റിമേറ്റിൽ 38.24% മാണ് കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തിയിട്ടുള്ളത്. മരാമത്ത് പ്രവൃത്തികളുടെ കോസ്റ്റ് ഇൻഡക്സ് സർക്കാർ പുതുക്കിയിട്ടുള്ളത് പ്രകാരം വയനാട് ജില്ലയുടെ കോസ്റ്റ് ഇൻഡക്സ് 26.03.2019 മുതൽ 138.24% നിന്നും 132.04% ആയി കുറച്ചിട്ടുണ്ട്. ആയത് അനുസരിച്ച മേൽ പറഞ്ഞ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റീക്കാസ്റ്റ് ചെയ്യേണ്ടതായിരുന്നു. എസ്റ്റിമേറ്റ് റീക്കാസ്റ്റ് ചെയ്യാത്തതിനാൽ താഴെ പറയും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0164/21 |
| അടങ്കൽ & ഫണ്ട് | ₹6,77,960/-(വികസന ഫണ്ട്) |

| | |
|---|---|
| ചെലവ് | ₹6,40,874/- (CBV No. 10/05, 25.05.2020; ട്രഷറി ബിൽ നം. 26/20-21, 25.05.2020 )] |
| കരാർ നമ്പർ & തീയതി | 04/2019-20, 14.06.2019 |
| കരാറുകാരൻ | ശ്രീ. ഉബൈദ് പി. |
| അളവ് പുസ്തക നമ്പർ | 1)464/18-19 (പേജ് നം. 1-25)<br>2)465/18-19 (പേജ് നം. 1-25)<br>3)425/18-19 (പേജ് നം. 1-21) |
| പൂർത്തിയാക്കേണ്ടിയിരുന്ന തീയതി | 31.03.2020 |
| പ്രവൃത്തി ആരംഭിച്ച തീയതി | 16.08.2019 (MB No : 465/18-19 (പേജ് നം. 1) |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 29.11.2019 (MB No : 464/18-19 (പേജ് നം. 20) |
| കോസ്റ്റ് ഇൻഡക്സ് (എസ്റ്റിമേറ്റ് ) | 38.24% |
| പി.എ.സി | ₹634051.90 |

| ക്രമ നം. | പ്രവൃത്തിയിനം | ചെയ്ത അളവ് | അനുവദിച്ചത് | | അനുവദനീയമായത് (കോസ്റ്റ് ഇൻഡക്സ് 32.04% പ്രകാരം) | |
|---|---|---|---|---|---|---|
| | | | നിരക്ക് | തുക (3x4) | നിരക്ക് | തുക (3x6) |
| 1 | 2 | 3 | 4 | 5 | 6 | 7 |
| Appendix A Pump House | | | | | | |
| 1 | 2.8.1 Earth Work | 1.7940 | 230.00 | 412.62 | 219.71 | 394.16 |
| 2 | 4.1.8 1:4:8 CC | 0.4655 | 6190.00 | 2881.44 | 5912.95 | 2752.48 |
| 3 | 60.7.1 DR Masonry | 2.0280 | 2653.00 | 5380.28 | 2434.24 | 4936.64 |
| 4 | 5.1.3 1:2:4 CC | 0.3500 | 7980.00 | 2793.00 | 7238.37 | 2533.43 |
| 5 | 5.3 RCC 1:1.5:3 | 0.4800 | 10217.04 | 4904.16 | 9758.81 | 4684.23 |
| 6 | 5.9.16.1 Centering & Shuttering | 21.0000 | 168.00 | 3528.00 | 161.35 | 3388.35 |
| 7 | 5.9.3 Centering & Shuttering | 3.7800 | 583.00 | 2203.74 | 557.60 | 2107.73 |
| 8 | 5.22.6 RCC | 60.1200 | 78.00 | 4689.36 | 74.73 | 4492.77 |
| 9 | 50.6.2.2 Solid Masonry | 1.9700 | 5887.00 | 11597.39 | 5764.29 | 11355.65 |
| 10 | 13.16.1 6mm 1:3 C P | 8.6700 | 198.00 | 1716.66 | 189.87 | 1646.17 |
| 11 | 13.1.1 12mm 1:4 C P | 29.4800 | 239.00 | 7045.72 | 228.36 | 6732.05 |
| 12 | 10.5.2 Ms Steel Door | 1.8800 | 3818 | 7177.84 | 3646.65 | 6855.7 |

| | | | | | | |
|---|---|---|---|---|---|---|
| 13 | 13.44.1<br>Water Proofing | 29.4800 | 81.29 | 2396.43 | 77.64 | 2288.83 |
| 14 | 13.62.1<br>Painting | 4,23 | 155 | 655.65 | 148.28 | 627.22 |
| Appendix B Pipe Line | | | | | | |
| 1 | Od177205/18-19<br>Fixing PVC Pipes | 500.000 | 335 | 167500 | 329.21 | 164605 |
| 2 | 50.18.9.5.1<br>Fixing PVC Pipes | 100.000 | 222.24 | 22224 | 217.3 | 21730 |
| 3 | 50.18.9.6.1<br>Fixing PVC Pipes | 150.000 | 230.23 | 34534.5 | 225.3 | 33795 |
| 4 | Od177214/18-19<br>63mm Valve | 4.000 | 420.92 | 1683.68 | 420.92 | 1683.68 |
| 5 | Od177203/18-19<br>Eletric Motor | 1.000 | 85100 | 85100 | 85100 | 85100 |
| Appendix C Water Tank | | | | | | |
| 1 | 2.8.1<br>Earth Work | 4.270 | 230.03 | 982.23 | 219.71 | 938.16 |
| 2 | 4.1.8<br>1:4:8 CC | 4.270 | 6190 | 26431.3 | 5912.95 | 25248.3 |
| 3 | 4.1.6<br>1:3:6 CC | 5.180 | 6655 | 34472.9 | 6357.13 | 32929.93 |
| 4 | 51.2.3<br>Quary Muck | 6.150 | 892.16 | 5486.42 | 891.16 | 5480.63 |
| 5 | 5.2.2<br>RCC 1:1.5:3 | 7.230 | 9878.35 | 71420.47 | 9435.31 | 68217.29 |
| 6 | 5.9.16.1<br>Centering & Shuttering | 11.930 | 168.93 | 2015.33 | 161.35 | 1924.91 |
| 7 | 5.9.2<br>Centering & Shuttering | 64.960 | 523.38 | 33998.76 | 499.9 | 32473.5 |
| 8 | 5.9.5<br>Centering & Shuttering | 2.401 | 474 | 1138.07 | 452.77 | 1087.1 |
| 9 | 13.16.1<br>6mm1:3 CP | 65.500 | 195 | 12772.5 | 189.87 | 12436.49 |
| 10 | 13.18<br>Cement Punning | 27.820 | 57 | 1585.74 | 56.25 | 1564.88 |
| 11 | 5.22.6<br>RCC | 526.290 | 78 | 41050.62 | 74.73 | 39329.65 |
| 12 | 13.44.1<br>Water Proofing | 27.820 | 80 | 2225.6 | 77.64 | 2159.94 |
| 13 | 10.25.2<br>Steel Work | 317.611 | 108 | 34301.99 | 113.49 | 36045.67 |

| | | | | | | |
|---|---|---|---|---|---|---|
| | ആകെ | | | 636310.8 | | 621545.54 |
| | Ltd. To BOQ | | | 634051.9 | | |
| | വൈദ്യുതി കണക്ഷൻ | | | 6822 | | 6822 |
| | ഒട്ടാകെ | | | 640873.9 | | 628367.54 |

അധികം അനുവദിച്ച തുക : 6,40,874 - 628367.54 = ₹12506.46

=₹12,506/-

ഓഡിറ്റ് എൻക്വയറി നം. 20/20-21, തീയതി 30/06/2022 -ന് മറിപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹6,40,874/- ഓഡിറ്റ് തടസത്തിൽ വെയ്ക്കുന്നു. ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം ₹12,506/- ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-33 അത്തിമൂല വെറ്ററിനറി സബ് സെൻർ റിപ്പയർ - ടെണ്ടർ വ്യതിയാനം കുറവ് ചെയ്തില്ല.

അസി. എഞ്ചിനീയർ നടപ്പിലാക്കിയ അത്തിമൂല വെറ്ററിനറി സബ് സെൻർ റിപ്പയർ എന്ന പ്രവൃത്തി എസ്റ്റിമേറ്റിനേക്കാൾ 12.5% കുറവ് നിരക്കിലാണ് (ടെണ്ടർ രജിസ്റ്റർ വാല്യം III പേജ് നമ്പർ 84) കരാറുകാരാൻ കരാറുടമ്പടിവെച്ച് ഏറ്റെടുത്തിട്ടുള്ളത്. എന്നാൽ പ്രവൃത്തിയുടെ ചെലവ് അനുവദിച്ചപ്പോൾ ടെണ്ടർ വ്യതിയാനം കുറവ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ടിന്റെ വിശദാംശങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0148/21 |
| അടങ്കൽ | ₹3,65,255/- (വികസന ഫണ്ട്) |
| ചെലവ്, വൗച്ചർ നം./ട്രഷറി ബിൽ നം., തീയതി | ₹3,65,255/-, (CBV No. 05/04, 20.04.2020/ Bill No. 03/20-21, 20.04.2020) |
| കരാർ നമ്പർ, തീയതി | 39/20, 31.01.2020 |
| കരാറുകാരാൻ | ശ്രീ. വെന്നി പി. |
| അളവ് പുസ്തകത്തിന്റെ നമ്പർ | 1) 503/19-20 (പേജുകൾ 1-21)<br>2) 504/19-20 (പേജുകൾ 1-10) |
| ബി ഒ ക്യൂ (Bill Of Quantities) | ₹326120.5 |
| പ്രവൃത്തി മൂല്യം | ₹330682.06 |

പ്രവൃത്തിയുടെ ബിൽ/മെമ്മോ ഓഫ് പേയ്മെന്റ് പ്രകാരമുള്ള ചെലവിന്റെ വിശദാംശങ്ങൾ

| | |
|---|---|
| പ്രവൃത്തി മൂല്യം ബി ഒ ക്യൂ - വിൽ പരിമിതപ്പെടുത്തിയത് | ₹326120.50 |
| ജി.എസ്.റ്റി. (12%) | ₹39134.50 |
| ആകെ ചെലവ് | ₹3,65,255/- |

ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാത്തതിനാൽ വന്ന അധിക ചെലവിന്റെ വിശദാംശങ്ങൾ

| | |
|---|---|
| പ്രവൃത്തി മൂല്യം ബി ഒ ക്യൂ - വിൽ പരിമിതപ്പെടുത്തിയത് | ₹326120.5 |
| ടെണ്ടർ വ്യതിയാനം തുക (12.5%) | ₹40745.81 |
| ടെണ്ടർ വ്യതിയാനം കുറവ് ചെയ്ത ശേഷം തുക | ₹285220.64 |
| ജി.എസ്.റ്റി. (12%) | ₹34226.48 |
| ജി.എസ്.റ്റി. കൂട്ടിയതിന് ശേഷം തുക (പ്രവൃത്തിയുടെ യഥാർത്ഥ ചെലവ്) | ₹319447.12 |
| അധിക ചെലവ് (3,65,255 - 319447.12 = 45,807.88) | ₹45,808/- |

ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാത്തതിനാൽ മേൽപറഞ്ഞ വിധം ₹45,808/- യുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. 27.06.2022 -ലെ ഓഡിറ്റ് അന്വേഷണ കുറിപ്പിനെ തുടർന്ന് (ഓഡിറ്റ് എൻക്വയറി നം. 08/2020-21) 30/6/2022 -ലെ ചെലാൻ നമ്പർ KL009508062202223M പ്രകാരം ₹45,808/- ട്രഷറിയിൽ തിരിച്ചടച്ച് ചെലാന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ മേൽപറഞ്ഞ രീതിയിലുള്ള ന്യൂനതകൾ പരാമർശിച്ചിട്ടുണ്ട് (ഉദാ: 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നമ്പർ 1-21 കാണുക ). ഒരേ

അപാകത ആവർത്തിക്കുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ആയത് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

20.04.2020-നാണ് മേൽ പറഞ്ഞ അധിക ചെലവ് നടത്തിയിട്ടുള്ളത്. 04.10.2011 ലെ ജി.ഒ.(പി)419/2011/ധനം അനുസരിച്ച് അനർഹമായ അഡ്വാൻസ് തുകകൾ 18% പലിശ സഹിതം തിരിച്ച് പിടിക്കേണ്ടതാണ്. ആയതനുസരിച്ച് പ്രസ്തുത തീയതി മുതൽ തുക തിരികെ അടവാക്കിയ തീയതി വരെ പ്രതിവർഷം 18% നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്. ആയത് പ്രകാരം 20.04.2020 മതൽ 30.06.2022 വരെ കാലയളവിലേക്ക് ₹45,808/- യുടെ 18% നിരക്കിൽ ₹18,117/- (45808 X (802/365) X (18/100) ) പലിശ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-34 മിനി കമ്മ്യൂണിറ്റി ഹാൾ നവീകരണം - കരാർ തുകയിൽ ചെലവ് പരിമിതപ്പെടുത്താത്തതിനാൽ അധിക ചെലവ്.

എസ്റ്റിമേറ്റ് നിരക്കിൽ (ടെണ്ടർ രജിസ്റ്റർ വാല്യം IV, പേജ് നം. 9) കരാറുടമ്പടിവെച്ച് ഏൽപ്പിച്ചുകൊടുത്തിട്ടുള്ള മിനി കമ്മ്യൂണിറ്റി ഹാൾ നവീകരണം എന്ന പ്രവൃത്തിയുടെ ഭാഗമായിരുന്ന വൈദ്യുതീകരണം എന്ന പ്രവൃത്തിയുടെ ചെലവ് അനുവദിച്ചപ്പോൾ കരാർ തുകയിൽ ചെലവ് പരിമിതപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്റ്റിന്റെ വിശദാംശങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്. 0189/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| അടങ്കൽ | ₹13,64,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ₹8,64,000/- , തനത് ഫണ്ട് - ₹5,00,000/- ) |
| വൈദ്യുതീകരണത്തിന് നീക്കിവെച്ച തുക | ₹1,60,000/- |
| വൈദ്യുതീകരണത്തിന് ചെലവഴിച്ച തുക, വൗച്ചർ നം./ട്രഷറി ബിൽ നം., തീയതി | ₹1,27,406/-, (CBV No. 06/11, 13.11.2020/ Bill No. 47/20-21, 13.11.2020) |
| കരാർ നമ്പർ, തീയതി | 07/20, 15.07.2020 |
| കരാർ തുക (പി.എ.സി ) | ₹108281.82 |
| കരാറുകാരൻ | ശ്രീ. സോമൻ കെ. |
| അളവ് പുസ്തകത്തിന്റെ നമ്പർ | 10/20-21 (പേജുകൾ 1-23) |
| പ്രവൃത്തി മൂല്യം | ₹112550/- |

പ്രവൃത്തിയുടെ ബിൽ/മെമ്മോ ഓഫ് പേയ്മെന്റ് പ്രകാരമുള്ള ചെലവിന്റെ വിശദാംശങ്ങൾ

| | |
|---|---|
| പ്രവൃത്തി മൂല്യം | ₹112550/- |
| ജി.എസ്.റ്റി. (12%) | ₹13506 |
| ആകെ ചെലവ് | ₹127406 |

കരാർ തുകയിൽ ചെലവ് പരിമിതപ്പെടുത്താത്തതിനാൽ വന്ന അധിക ചെലവിന്റെ വിശദാംശങ്ങൾ

| | |
|---|---|
| പ്രവൃത്തി മൂല്യം പി.എ.സി - യിൽ പരിമിതപ്പെടുത്തിയത് | ₹108281.82 |
| ജി.എസ്.റ്റി. (12%) | ₹12993.82 |
| ജി.എസ്.റ്റി. കൂട്ടിയതിന് ശേഷം തുക (പ്രവൃത്തിയുടെ യഥാർത്ഥ ചെലവ് ) | ₹121275.64 |
| അധിക ചെലവ് ( 1,27,406 - 121275.64 = 6130.35) | ₹6130/- |

കരാർ തുകയിൽ ചെലവ് പരിമിതപ്പെടുത്താത്തതിനാൽ മേൽപറഞ്ഞ വിധം ₹6130/- യുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. 27.06.2022 -ലെ ഓഡിറ്റ് അന്വേഷണ കുറിപ്പിനെ തുടർന്ന് (ഓഡിറ്റ് എൻക്വയറി നം. 07/2020-21) 01/07/2022 -ലെ ചെലാൻ നമ്പർ KL009606818202223M പ്രകാരം ₹6130/- ട്രഷറിയിൽ തിരിച്ചടച്ച് ചെലാന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 വേങ്ങത്തോട് ഭൂതാനം കോളനി റോഡ് ടാറിംങ് - കരാർ തുകയിൽ ചെലവ് പരിമിതപ്പെടുത്തത്തതിനാൽ അധിക ചെലവ്.

വേങ്ങത്തോട് ഭൂതാനം കോളനി റോഡ് ടാറിംഗ് എന്ന പ്രവൃത്തിയുടെ ഇ - ടെണ്ടർ പ്രകാരം കരാറുകാരൻ അംഗീകരിച്ച്

കരാറുടമ്പടിവെച്ച തുകയിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ചതിനാൽ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ടിന്റെ വിശദാംശങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0163/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| അടങ്കൽ | ₹15,00,000/- (സംരക്ഷണ ഗ്രാന്റ് ) |
| ചെലവ് തുക, വൗച്ചർ നം./ട്രഷറി ബിൽ നം., തീയതി | ₹14,99,237/-, (CBV No. 03/08, 18.08.2020/ Bill No. 33/20-21, 18.08.2020) |
| കരാർ നമ്പർ, തീയതി | 45/19, 22.11.2018 |
| കരാർ തുക (ടെണ്ടറിൽ രേഖപ്പെടുത്തിയ തുക) | ₹14,92,857.65 (ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല) |
| കരാറുകാരൻ | ശ്രീ. കെ. ഗംഗാധരൻ |
| അളവ് പുസ്തകത്തിന്റെ നമ്പർ | 1)448/18-19 (പേജുകൾ 1-25)<br>2) 470/18-19 (പേജുകൾ 1-6) |
| പ്രവൃത്തി മൂല്യം | ₹1499237.09 |

കരാർ തുകയിൽ ചെലവ് പരിമിതപ്പെടുത്താത്തതിനാൽ ₹6379/- (14,99,237 - 14,92,857.65 = 6379.35) യുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. 27.06.2022 -ലെ ഓഡിറ്റ് അന്വേഷണ കുറിപ്പിനെ തുടർന്ന് (ഓഡിറ്റ് എൻക്വയറി നം. 06/2020-21) 30/6/2022 -ലെ ചെലാൻ നമ്പർ KL009507596202223M പ്രകാരം ₹6379/- ട്രഷറിയിൽ തിരിച്ചടച്ച് ചെലാന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

18.08.2020-നാണ് മേൽ പറഞ്ഞ അധിക ചെലവ് നടത്തിയിട്ടുള്ളത്. 04.10.2011 ലെ ജി.ഒ.(പി)419/2011/ധനം അനുസരിച്ച് അനർഹമായ അഡ്വാൻസ് തുകകൾ 18% പലിശ സഹിതം തിരിച്ച് പിടിക്കേണ്ടതാണ്. ആയതനുസരിച്ച് പ്രസ്തുത തീയതി മുതൽ തുക തിരികെ അടവാക്കി തീയതി വരെ പ്രതിവർഷം 18% നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്. ആയത് പ്രകാരം 18.08.2020 മുതൽ 30.06.2022 വരെ കാലയളവിലേക്ക് ₹6,379/- യുടെ 18% നിരക്കിൽ ₹2,145/- (6,379 X (682/365) X (18/100) ) പലിശ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നു ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-36 കരാറുകാർക്ക് കരാറുടമ്പടി പ്രകാരം അർഹമായ മുഴുവൻ തുകയും നൽകിയിട്ടില്ല.

തൻവർഷം പ്രവൃത്തി പൂർത്തിയാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ കരാറുകാർക്ക് കരാറുടമ്പടി പ്രകാരം അർഹമായ മുഴുവൻ തുകയും നൽകിയിട്ടില്ല.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിശദാംശങ്ങൾ | | അനുവദിച്ചചെലവ് തുക | കൊടുക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | എസ്0064/21, ആറാം മൈൽ റോഡ് കോൺക്രീറ്റ് | | ₹3,65,945/-(CBV No. 10/01, 19.01.21) | ₹33,592/-<br>(399537 - 365945) |
| | അടങ്കൽ | ₹4,00,000/-(സംരക്ഷണ ഗ്രാന്റ് ) | | |
| | കരാറുകാരൻ | ശ്രീ. വി.പി. സെയ്തലവി | | |
| | കരാറുടമ്പടി നം. | 25/20, 16.10.2020 | | |
| | പി.എ.സി | ₹3,57,142/- (+GST) | | |
| | പ്രവൃത്തി മൂല്യം | ₹356729.38 | | |
| | ജി.എസ്.റ്റി. | ₹42807.52 | | |
| | ആകെ ചെലവ് | ₹399537/- | | |
| 2 | എസ്0186/21, വലിയപാറ ജി.എൽ.പി. സ്കൂൾ | | ₹79,826/-(CBV No. 02/02, 27.02.21)<br>₹5,00,000/- (വൗച്ചർ നം. 22000302/ 03.02.2021) | ₹20,000/-<br>(599826 - 579826) |
| | അടങ്കൽ | ₹5,20,000/- (ശുചിത്വ മിഷൻ ഫണ്ട് )<br>₹80,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | | |

| | | | | |
|---|---|---|---|---|
| | | ആകെ : ₹6,00,000/- | ആകെ: ₹5,79,826/- | |
| | കരാറുകാരൻ | ശ്രീ. ഷിഹാബ് കെ.കെ. | | |
| | കരാറുടമ്പടി നം. | 68/20, 30.03.2020 | | |
| | പി.എ.സി | ₹535558/- (+GST) | | |
| | പ്രവൃത്തി മൂല്യം | ₹535558/- (പി.എ.സി.- യിൽ പരിമിതപ്പെടുത്തിയത്) | | |
| | ജി.എസ്.റ്റി. | ₹64267.03 | | |
| | ആകെ ചെലവ് | ₹599826/- | | |

കരാറുകാർക്ക് അർഹമായ മുഴവൻ തുകയും നൽകാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/2020-21/30.06.2022 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-37 ജംഗമ വസ്തുക്കളുടെ ആസ്തി/സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങലിലേക്ക് ഫർണിച്ചർ തൻ വർഷം വാങ്ങുന്നതിന് റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ച് താഴെ പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ടുകളുടെ വിശദാംശങ്ങൾ | ചെലവ് തുക | വാങ്ങിയ ഫർണിച്ചർ |
|---|---|---|---|
| 1 | എസ്.0153/21, ഹോമിയോ ഡിസ്പെൻസറിയിലേക്ക് ഫർണിച്ചർ വാങ്ങൽ<br>നിർവ്വഹണം: മെഡിക്കൽ ഓഫീസർ (ഹോമിയോ)<br>അടങ്കൽ:₹1,00,000/- | ₹90694/- (Try. Bill No. 1/20-21, 20.11.2020 ) | ഓഫീസ് ടേബിൾ -1, കമ്പ്യൂട്ടർ ടേബിൾ -1, ഓഫീസ് അലമാര (മെറ്റൽ) - 1, ഓഫീസ് അലമാര (ബോർഡ്) - 1, റിവോൾവിംഗ് ചെയർ (വലുത്)- 1, റിവോൾവിംഗ് ചെയർ (മീഡിയം)- 1, എയർപോർട്ട് ചെയർ - 2, സ്ററീൽ സ്റ്റൂൾ - 1, ഫൈബർ ചെയർ - 4, ഫൈബർ ചെയർ (ആം ലെസ്)- 4, സ്റ്റീൽ റാക്ക് -2, മെഡിസിൻ ഡിസ്പെൻസിംഗ് ടേബിൾ -1 |
| 2 | എസ്.0203/21, എൽ പി, യു പി സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ<br>നിർവ്വഹണം: ഹെഡ്മാസ്റ്റർ<br>അടങ്കൽ:₹4,00,000/- | ₹3,99,898/-( 1)Try. Bill No. 20/20-21, 13.11.2020- ₹3,00,820/ ) 2) Try. Bill No. 04/20-21, 30.03.2021 - ₹19,000/- | ഫൈബർ ചെയർ - 232, ബേബി ചെയർ - 42, മേശ - 12, ഡെസ്ക്ക് (വലുത്) - 10, ഡെസ്ക്ക് (ചെറുത്)- 25, ബെഞ്ച് - 20, ഓഫീസ് അലമാര (മെറ്റൽ) - 9, സ്റ്റീൽ റാക്ക് -8 |
| 3 | എസ്.0009/21, ആശുപത്രിയിലേക്ക് ഫർണിച്ചർ<br>നിർവ്വഹണം: മെഡിക്കൽ ഓഫീസർ (പി. എച്ച്. സി.)<br>അടങ്കൽ:₹4,77,000/- | ₹4,73,714/- (Try. Bill No. 24/20-21), 25.09.2020 ) | ഡയസ് ടേബിൾ -1, സീനിയർ എക്സി. ചെയർ - 2, എക്സി. ചെയർ - 8, വിസിറ്റർ ചെയർ - 5, വുഡൻ ചെയർ - 29, കോൺഫറൻസ് ടേബിൾ -3, സ്റ്റോറേജ് ഷെൽഫ് -1, ഡിസ്പ്ലേ ഷെൽഫ് -1, ഓപ്പൺ റാക്ക് -1 |

മേൽ പറഞ്ഞവയിൽ സ്കൂളുകൾക്ക് വാങ്ങിയ ഫർണിച്ചർ ഒഴികെയുള്ളവ വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റിൽ ആസ്തികളുടെ കണക്കിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. മേൽ പറഞ്ഞ ഫർണിച്ചറിന്റെ സ്റ്റോക്ക് അക്കൗണ്ട് പരിശോധിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ജംഗമ വസ്തുക്കളുടെ ആസ്തി/സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

സ്റ്റോർ പർച്ചേസ് മാന്വൽ അനുസരിച്ച് ഒരു സ്ഥാപനത്തിന്റെ ഒരുവർഷത്തേക്ക് ആവശ്യമായ സ്റ്റോറിന്റെ ആവശ്യകത നിർണ്ണയിച്ച് ഒന്നിച്ച് വാങ്ങൽ നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങുന്നതിന് വ്യത്യസ്ത പ്രോജക്ടുകൾ വഴി പലപ്പോഴായി വാങ്ങൽ നടത്തിയത് മേൽപറഞ്ഞ നിബന്ധനയ്ക്ക് വിരുദ്ധമാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/2020-21/30.06.2022 - ന് മറുപടി ലഭ്യമാക്കിയിച്ചില്ല. ആയതിനാൽ പ്രസ്തു പ്രോജക്ടുകളുടെ ആകെ ചെലവ് തുക ₹9,64,306/-(90,694 + 3,99,898 +

4,73,714) ഓഡിറ്റ് തടസത്തിൽ വെയ്ക്കുന്നു. ജംഗമ വസ്തുക്കളുടെ ആസ്തി/സ്റ്റോക്ക് രജിസ്റ്ററുടെ സൂക്ഷിപ്പിന് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-38 പട്ടികവർഗ്ഗക്കാർക്ക് വാട്ടർടാങ്ക് നല്കൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ-213/20-21

സ്പിൽ ഓവർ

അടങ്കൽ-276000/-

ചെലവ്-206032/- ബിൽ നമ്പർ 2/22-10-2020

നിർവ്വഹണഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

ഗ്രാമസഭ അംഗീകരിച്ച 79 ഗുണഭോക്താക്കൾക്ക് വെള്ളം സംഭരിച്ച് ഉപയോഗിക്കുവാനായി പി.വി.സി വാട്ടർടാങ്ക് നല്കുകയാണ്പദ്ധതിയുടെ ലക്ഷ്യം.ആയതിലേക്കായി ടെണ്ടർ ക്ഷണിച്ചതിൽ മൂന്ന് ടെണ്ടറുകൾ ലഭിച്ചതിന്റെ വിവരങ്ങൾ താഴെചേർക്കുന്നു.

| ടെണ്ടറിൽ പങ്കെടുത്തവർ | ക്വാട്ട് ചെയ്ത തുക /ടാങ്ക് 500 ലിറ്റർ |
|---|---|
| കൃഷ്ണദാസ് കെ. മാനേജർ സിഡ്കോ | 2856 |
| ഡ്രീംഹോം ഫർണ്ണീച്ചർ | 3498 |
| ശ്രീ. കെ.വി. അബ്ദുൾ മുനീർ | 3648 |

കുറഞ്ഞ വില ക്വാട്ട് ചെയ്ത ശ്രീ.കൃഷ്ണദാസ് ഐ എസ് ഐ സർട്ടിഫിക്കറ്റുള്ള ടാങ്കുകൾ വിതരണം ചെയ്യാൻ സാധിക്കില്ലെന്ന രേഖാമൂലം സെക്രട്ടറിക്ക് കത്ത് നല്കി.അതിനുശേഷം ഗ്രാമപഞ്ചായത്ത് ശ്രീ.കെ.വി.അബ്ദുൾ മുനീറിന്റെ ഉടമസ്ഥയിലുള്ള അസിം ഡിസൈനിങ്ങ് ആന്റ് ഇന്റീരിയേഴ്സ് എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നല്കുകയും 79 പിവിസി ടാങ്കുകൾക്ക് 2947 രൂപ വച്ച് 274762(206032+68730 ഗുണഭോക്തൃവിഹിതം) രൂപ നല്കുകയും ചെയ്തു. ഏറ്റവും കുറവ് ക്വാട്ട് ചെയ്ത ശ്രീ.കൃഷ്ണദാസ് പിന്മാറിയപ്പോൾ കുറവ് തുക ക്വാട്ട് ചെയ്ത രണ്ടാമത്തെ കരാറുകാരായ ഡ്രീംഹോമുമായി കൂടിയാലോചന നടത്താതെ ശ്രീ.കെ.വി.അബ്ദുൾ മുനീറിന്റെ ഉടമസ്ഥയിലുള്ള അസിം ഡിസൈനിങ്ങ് ആന്റ് ഇന്റീരിയേഴ്സ് എന്ന സ്ഥാപനത്തിന് സപ്ള്ളൈ ഓർഡർ നല്കുകയാണ് ഉണ്ടായത്. ഫയൽ പരിശോധനയിൽ കാവേരി ബ്ളാക്ക് കളർ എന്ന ഇനമാണ് വാങ്ങിയത്. ആയതിന് ഡ്രീംഹോം ഫർണ്ണീച്ചർ 2780 രൂപയാണ് കാവേരി ബ്ളാക്ക് 12.5 Kg എന്ന ഇനത്തിന് ക്വാട്ട് ചെയ്തു. ഇതേ ഇനം 19.5 Kg ന്റെ ടാങ്കിന് ശ്രീ.കെ.വി.അബ്ദുൾ മുനീർ ക്വാട്ട് ചെയ്തത് 3478 രൂപയാണ്. എന്നാൽ ഇൻവോയ്സ് നമ്പർ 227/12-10-2020 പ്രകാരം 2947രൂപയാണ് കാണുന്നത്. ബില്ലിൽ എത്ര കിലോഗ്രാമിന്റെ ടാങ്കാണ് വാങ്ങിയതെന്ന വിവരം ഇല്ല. ഡ്രീംഹോം ഫർണ്ണീച്ചർ ക്വാട്ട് ചെയ്ത 2780 രൂപയും ,ശ്രീ.കെ.വി.അബ്ദുൾ മുനീർ ക്വാട്ട് ചെയ്ത തുകയും തമ്മിൽ 167 രൂപയുടെ വ്യത്യാസമുണ്ട് (2947-2780). ആയത് പ്രകാരം 13193 രൂപ അധികം നല്കിയതായി കാണുന്നു (167*79=13193). വാങ്ങൽ നടപടിക്ക് പ്രോക്യൂർമെന്റ് കമ്മിറ്റി അംഗീകാരം നൽകിയതായി കാണുന്നില്ല. അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 18/30-6-2016 ക്ക് മറുപടി ലഭ്യമാക്കിയില്ല.13193 രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| ഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 20/6/22 - 23/6/22 | കെ എസ് എ (ഡബ്യൂ വൈ ഡി)-പി4/568/2022 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 20-21 | 776959 | ലൈഫ് ഭവന പദ്ധതിയ്ക്ക് തുക വകയിരുത്തൽ(SCP) | 776959 | 0 |
| ജില്ലാ പഞ്ചായത്ത് | 20-21 | 1057149 | ലൈഫ് ഭവന പദ്ധതിയ്ക്ക് തുക വകയിരുത്തൽ(Gen) | 1057149 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 266000 | ലൈഫ് ഭവന പദ്ധതിയ്ക്ക് തുക വകയിരുത്തൽ(SCP) | 266000 | |
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 300000 | ലൈഫ് ഭവന പദ്ധതിയ്ക്ക് തുക വകയിരുത്തൽ(Gen) | 300000 | |
| ജില്ലാ പഞ്ചായത്ത് | 20-21 | 225000 | ഭിന്നശേഷി സ്കോളർഷിപ്പ് | 225000 | |
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 225000 | ഭിന്നശേഷി സ്കോളർഷിപ്പ് | 225000 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2500000 | ലൈഫ് ഭവന പദ്ധതിയ്ക്ക് തുക വകയിരുത്തൽ (TSP) | 2500000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവന പദ്ധതി | സ.ഉ(എ.എസ്) 83/13/തസ്വഭവ- 11.03.2013 | 23500000 | 10068010 | 500000 | 998536 | 9568010 |

.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | ഇല്ല |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ഇല്ല |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |
| ആകെ | | | | | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2019-20 | 1-18 | 2020-21 | അനുബന്ധം 2ഖണ്ഡിക 352 | മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ | പഞ്ചായത്ത് മറുപടി സമർപ്പിച്ചിട്ടില്ല |
| 2016-17 | | 2017-18 | 445 | ഭൂമിശാസ്ത്രപരമായ | സമിതിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | പ്രത്യേകതകൾ | പരിഗണനയിൽ |
| 2015-16 | 2-2 | 2016-17 | 2.2 | തൊഴിൽ നികുതി മുഴുവനായും പിരിച്ചെടുത്തില്ല | അപാകതകൾ പരിഹരിച്ച് മറുപടി സമർപ്പിച്ചിട്ടുണ്ട്. |
| 2015-16 | 2-2 | 2016-17 | 2.2 | തൊഴിൽ നികുതി റിട്ടേണുകൾ ഹാജരാക്കിയില്ല | റിട്ടേണുകൾ ഹാജരാക്കി. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം സമർപ്പിച്ചിട്ടുണ്ട് |
| 1998-99 | 34 | 2002-03 | 12(2) (I) | എസ്റ്റിമേറ്റ് തയ്യാറാക്കൽ സൂപ്പർവിഷൻ , ചെക്ക് മെഷർമെന്റ് അധിക തുക നൽകൽ | സമിതിയുടെ പരിഗണനയിൽ |
| 1998-99 | 38 | 2002-03 | 12(2) (Iii) | എലി വിഷ നിർമ്മാർജ്ജനം | സമിതിയുടെ പരിഗണനയിൽ |
| 1999-00 | 37 | 2002-03 | 12(9)(1) | കറവൻതോട് ശുദ്ധജലവിതരണ പദ്ധതി അധികം തുക നൽകി | സമിതിയുടെ പരിഗണനയിൽ |
| 1999-00 | 39 | 2002-03 | 12(9)(ii) | കനകമല വാട്ടർ സപ്ലൈ സ്കീം പൂർത്തീകരണം | സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 96699139 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 100432795 |
| വരവിനങ്ങളിലുള്ള നഷ്ടം | : | |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 8143694 |

## (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക്രമ നം | ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1 | 1-15 | 834141 | കെ സുന്ദരരാജൻ, സെക്രട്ടറി |
| 2 | 1-16 | 6000 | കെ സുന്ദരരാജൻ, സെക്രട്ടറി |
| 3 | 1-17 | 200000 | കെ സുന്ദരരാജൻ, സെക്രട്ടറി |
| 4 | 1-18 | 12370 | ഇ എൻ ഹരിനാരായണൻ , സെക്രട്ടറി |
| 5 | 1-19 | 4,00,000 | ഇ എൻ ഹരിനാരായണൻ , സെക്രട്ടറി |
| 6 | 1-21 | 68888 | ഇ എൻ ഹരിനാരായണൻ , സെക്രട്ടറി |
| 7 | 1-22 | 2153500 | 1417500 -ഇ എൻ ഹരിനാരായണൻ , സെക്രട്ടറി<br>7,36,000- എം ആർ ഹേമലത , സെക്രട്ടറി |
| 8 | 1-23 | 182743 | 82000- കെ സുന്ദരരാജൻ, സെക്രട്ടറി<br>100747-ഇ എൻ ഹരിനാരായണൻ , സെക്രട്ടറി |
| 9 | 1-30 | 117113 | വിഷ്ണു- അസിസ്റ്റന്റ് എഞ്ചിനീയർ |
| 10 | 1-31-1 | 1499237 | വിഷ്ണു- അസിസ്റ്റന്റ് എഞ്ചിനീയർ |
| 11 | 1-31-2 | 683688 | വിഷ്ണു- അസിസ്റ്റന്റ് എഞ്ചിനീയർ |
| 12 | 1-31-3 | 298699 | വിഷ്ണു- അസിസ്റ്റന്റ് എഞ്ചിനീയർ |
| 13 | 1-32 | 640874 | വിഷ്ണു- അസിസ്റ്റന്റ് എഞ്ചിനീയർ |
| 14 | 1-27 | 82135 | ആരണ്യ- കൃഷി ഓഫീസർ |
| 15 | 1-37 | 964306 | 945306-ഇ എൻ ഹരിനാരായണൻ , സെക്രട്ടറി<br>90694- എം ആർ ഹേമലത , സെക്രട്ടറി |

| | | | |
|---|---|---|---|
| ആകെ | | 81,43,694 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം ആർ ഹേമലത സെക്രട്ടറി | സെക്രട്ടറി പൊഴുതന ഗ്രാമ പഞ്ചായത്ത് | നിള തുർക്കി, കൽപ്പറ്റ, വയനാട് -673121 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | | |
|---|---|---|
| 1994-95 | എൽ.എഫ്.(ഡബ്ല്യൂ.)പി3./124/10(1)/ 15.2.10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ എണ്ണം |
| 1996-97 | എൽ.എഫ്.(ഡബ്ല്യൂ.)പി3./124/10(4)/ 15.2.10 | 17 |
| 1998-99 | എൽ.എഫ്.(ഡബ്ല്യൂ.)പി3./124/10(6)/ 15.2.10 | 2 |
| 1999-00 | എൽ.എഫ്.(ഡബ്ല്യൂ.)പി3./124/10(7)/ 15.2.10 | 3 |
| 2000-01 (Plan) | എൽ.എഫ്.(ഡബ്ല്യൂ.)പി3./124/10(8)/ 15.2.10 | 3 |
| 2000-01 | എൽ.എഫ്.(ഡബ്ല്യൂ.)പി3./709/08/17.11.08 | 1 |
| 2001-02 | എൽ.എഫ്.(ഡബ്ല്യൂ.)പി3./124/10(9)/ 15.2.10 | 2 |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.(ഡബ്ല്യൂ.)പി3./124/10(10)/ 15.2.10 | 3 |
| 2003-04 | എൽ.എഫ്.(ഡബ്ല്യൂ.)പി3./124/10(11)/ 15.2.10 | 1 |
| 2004-05 | എൽ.എഫ്.(ഡബ്ല്യൂ.)പി3./124/10(12)/ 15.2.10 | 1 |
| 2005-06 | എൽ.എഫ്.(ഡബ്ല്യൂ.)പി3./124/10(13)/ 15.2.10 | 2 |
| 2006-07 | എൽ.എഫ്.(ഡബ്ല്യൂ.)പി3./250/10/ 8.4.10 | 11 |
| 2007-08 | എൽ.എഫ്.(ഡബ്ല്യൂ.)പി3./609/09/05.12.2009 | 5 |
| 2008-09 | എൽ.എഫ്.(ഡബ്ല്യൂ.)പി3.208/14/17.7.14 | 31 |
| 2009-10 | എൽ.എഫ്.(ഡബ്ല്യൂ.)പി3.208/12/31.05.2012 | 26 |
| 2010-11 | എൽ.എഫ്.(ഡബ്ല്യൂ.)പി2.121/13/4.4.14 | 17 |
| 2011-12,<br>2012-13 | എൽ.എഫ്.(ഡബ്ല്യൂ.)പി2.392/14/31.05.2017 | 19 |
| 2013-14 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)p2-405/15<br>/31.05.2017 | 13 |
| 2014-15 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി._p2-279/16<br>/27.12.2017 | 15 |
| 2015-16 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി._p2-855/16<br>/13.03.2018 | 14 |
| 2016-17 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി._p2-526/17<br>/17.03.2018 | 24 |
| 2017-18 | കെ.എസ്.എ.<br>(ഡബ്ല്യൂ.വൈ.ഡി)p1-862/18 /07.01.2018 | 33 |
| 2018-19 | നം.കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി.പി1-633/19<br>തീയ്യതി: 18/09/2019 | 14 |
| 2019-20 | നം.കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി.പി1-446/21<br>തീയ്യതി: 30/06/2021 | 23 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്